2015
മാർച്ച്

Pages 08
Vol: 6
Issue No.3

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

Published From Vadasserikara
Reg. No. KERBIL/2008/26466
Postal Reg. No.
KLPTA/89/2014-2016

ഒറ്റ പ്രതി: ₹10

# മാതൃകാ ഭൃത്യനാവുക: ആർ.എസ്. മിശ്ര



ബി.ബി.ഐ. ബിരുദദാനസമ്മേളനത്തിൽ റിട്ട. ലഫ്. കമാന്റർ ആർ. എസ്. മിശ്ര സന്ദേശം നൽകുന്നു. പരിഭാഷ: ബ്രദർ സജി എ ജെ.

**പത്തനംതിട്ട:** രക്ഷ വ്യക്തിജീവിതങ്ങളിലെ അത്ഭുതമാണ്. ഈ അത്ഭുതം അനേകരിലെത്തിക്കാൻ പകൽ ഉള്ളടത്തോളം പ്രവർത്തിക്കുവാൻ യേശു മാതൃകയാണ്. യേശുവിന്റെ ദാസന്മാർ മാതൃകയുള്ളവരാകണം. അമാതൃകയുള്ള ലോകത്ത് മാതൃകയായി ജീവിക്കുവാനും ശുശ്രൂഷിക്കുവാനും വിളിക്കപ്പെട്ടവരാണ് ദൈവദാസന്മാർ. റിട്ട. ലഫ്. കമാന്റർ ആർ. എസ്. മിശ്ര ഓർമ്മിപ്പിച്ചു.

പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പതിനേഴാമത് ബിരുദദാന സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അബ്രഹാമിന്റെ ദാസൻ കാത്തിരിക്കുന്നതിലും സമർപ്പണത്തിലും ധീരതയിലും മാതൃകയുള്ളവനായിരുന്നു. അതേ മാതൃകയിൽ ജീവിക്കുവാൻ കർത്താവിന്റെ ദാസനും ബാദ്ധ്യസ്ഥനാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

മാർച്ച് 7ന് ബി. ബി. ഐ. ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ഡോ. ഒ. എം. സാമുവേൽ അദ്ധ്യക്ഷനായിരുന്നു. പഠനം പൂർത്തിയാക്കിയ പതിനൊന്ന് വിദ്യാർത്ഥികളെ അക്കാദമിക് ഡീൻ ഡോ. കെ. സി. ജോൺസൺ സദസ്സിന് പരിചയപ്പെടുത്തി. ഡോ. ഒ. എം. സാമുവേൽ ബിരുദം സമ്മാനിച്ചു. ബ്രദർ മാത്യു തോമസ് ബിരുദം ഏറ്റുവാങ്ങിയവരെ കർതൃകരങ്ങളിൽ സമർപ്പിച്ചു പ്രാർത്ഥിച്ചു. അവാർഡുകളും ഉപഹാരങ്ങളും ബ്രദർ കെ. എസ്. ജോൺ, ബ്രദർ. സി. എ. സാമുവേൽ എന്നിവർ സമ്മാനിച്ചു. സമാപനസന്ദേശത്തിൽ വെല്ലുവിളികളെ കർത്താവിന്റെ ശക്തിയിൽ നേരിടാൻ ബ്രദർ ഡാനിയേൽ ജെ. മേൺസ് ഉദ്ബോധിപ്പിച്ചു. ജീവിതം ഒരു വെല്ലുവിളിയാണ്. കരുത്തോടെ നേരിടാൻ നമ്മെ പ്രാപ്തമാക്കുന്നത് ക്രിസ്തുവിന്റെ വചനമാണ്. ഭാരതത്തെ കീഴ്മേൽ മറിക്കാനുള്ള ദൗത്യമാണ് നമുക്കുള്ളതെന്നും അദ്ദേഹം പറഞ്ഞു.

സഹോദരന്മാരായ റ്റി. ജി. ഫിലിപ്പ്, കെ. സി. ജോൺ, എം. വി. ബാബു, രാജു കെ. തോമസ്, ഏബ്രഹാം തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ട്രസ്റ്റ് പ്രസിഡന്റ് കെ. എ. ഫിലിപ്പ് കൃതജ്ഞത പ്രകാശിപ്പിച്ചു.

ബ്രദർ ഒ. റ്റി. ചെറിയാൻ, സണ്ണി റ്റി. ഫിലിപ്പ്, ഫെബിൻ ജോൺസ്, റോയി മാത്യു, സജി എ. ജെ., കെ. വി. ജോൺ, ബിനു സാമുവേൽ, ചാർളി മാത്യു, പി. എസ്. ബേബിക്കുട്ടി എന്നിവരും വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

ചത്തിസ്ഘട്ടിലെ പ്രവർത്തനങ്ങളെക്കുറിച്ച് ബ്രദർ റോബിൻ

➜6

## ആർ.റ്റി.ഐ. ബിരുദദാന സമ്മേളനം മാർച്ച് 29 ന്

**തൃശ്ശൂർ:** രഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏഴാമത് ബിരുദദാന സമ്മേളനം മാർച്ച് 29 ഞായർ 3ന് നടക്കും. ബ്രദർ തോംസൺ ബി. തോമസ് മുഖ്യ അതിഥി ആയിരിക്കും.

## കൊല്ലം സോദരീഭവൻ കോൺഫറൻസ്

**കൊല്ലം:** അഖില കേരള സഹോദരിസമാജം 37-ാമത് സമ്മേളനം ഏപ്രിൽ 2 മുതൽ 4 വരെ കൊല്ലം സോദരീഭവനിൽ നടക്കും. ചെറിയ കൂട്ടമേ ഭയപ്പെടരുത് ലൂക്കോസ് 12: 32 എന്ന വിഷയത്തെ അധികരിച്ച് സഹോദരിമാരായ എൽസി ബേബി, ഓമന ജോൺസ് എന്നിവർ പഠനം നയിക്കും. സഹോദരിമാരുടെ ആത്മീക വളർച്ചക്ക് സഹായകമാണ് ഈ കോൺഫറൻസ് സോദരിഭവൻ അഭ്യുദയകാംഷികളും സഹകാരികളും പ്രാർത്ഥിച്ചാലും. താൽപര്യമുള്ള സഹോദരിമാർക്ക് പങ്കെടുക്കാം. ബന്ധപ്പെടുക. **ജോയ്സ് മാത്യു, 0474 2744846**

## യിസ്രയേൽ രാഷ്ട്രം നിലനിൽക്കും, തനിച്ചാണെങ്കിലും: നെതൻയാഹു



**വാഷിംഗടൺ ഡിസി:** ചുറ്റുമുള്ള മുസ്ലീം രാഷ്ട്രങ്ങളുടെ അണുവായുധ ഭീഷണിയുടെ നടുവിലും യിസ്രയേൽ രാഷ്ട്രം തനിച്ചാണെങ്കിലും തീവ്രതയോടെ നിലനില്ക്കും. പരിരക്ഷണമില്ലാതെ യിസ്രയേല്യർ ലോകരാഷ്ട്രങ്ങളിൽ ചിതറിക്കിടക്കുകയല്ല. യിസ്രയേൽ ജനതയെ സംരക്ഷിക്കുവാൻ ഞങ്ങൾക്ക് മതിയായ പ്രതിരോധശക്തിയുണ്ട്. യിസ്രയേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതൻയാഹു പ്രസ്താവിച്ചു.

അമേരിക്കൻ വൈറ്റ്ഹൗസിൽ മാർച്ച് 3ന് നടന്ന പ്രത്യേക സമ്മേളനത്തിൽ സഭയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇറാനിയൻ അണുവായുധങ്ങളെ ഭയക്കേണ്ട ആവശ്യം യിസ്രയേലിനില്ല. ലോകരാഷ്ട്രങ്ങളിൽ ശക്തിയേറിയ രാജ്യം തന്നെയാണ് യിസ്രയേൽ. ആരെയും ഭയന്നല്ല യിസ്രയേൽ ഇന്ന് നിലനിൽക്കു

➜6

## സുവിശേഷകൻ ബാലസംഘം

# ഭാരതത്തിലുടനീളം അവധിക്കാല ബൈബിൾ സ്കൂളുകൾ

- വർണാഭമായ വി.ബി.എസ്. പാഠങ്ങൾ
- കേരളത്തിൽ ലഭ്യമായിട്ടുള്ളതിൽ ഏറ്റവും മികച്ച പാഠ്യപദ്ധതി
- മാർച്ച് 23 മുതൽ വിതരണം ചെയ്യും

**പുത്തൻകാവ്:** ഭാരതത്തിലെ മദ്ധ്യവേനൽ അവധിക്കാലത്തിനോടനുബന്ധിച്ച് വിവിധ സ്ഥലങ്ങളിൽ സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ വെക്കേഷൻ ബൈബിൾ സ്കൂളുകൾ നടത്തുന്നു. ഒരാഴ്ച്ച നീണ്ടുനിൽക്കുന്ന പാഠ്യപദ്ധതിയിൽ എസ്. ബി. എസ്. പ്രത്യേകം തയ്യാറാക്കിയ ദൃശ്യോപകരണങ്ങളും ഗാനങ്ങളുമാണ് ഉപയോഗിക്കുന്നത്. ദാവീദിന്റെ വ്യക്തിത്വപഠനമാണ് ഈപ്രാവിശ്യം ഉൾപ്പെടുത്തിയിരിക്കുന്നത്.

വിദ്യാർത്ഥികളുടെ സാമൂഹ്യബോധവും ആത്മീയ കാഴ്ചപ്പാടുകളും പ്രകാശിപ്പിക്കുന്നതിനുതകുന്ന രീതിയിലാണ് പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷങ്ങളെക്കാൾ നിറവൈവിദ്യങ്ങളോടുകൂടിയാണ് പാഠങ്ങളും അനുബന്ധസാമഗ്രികളും നിർമ്മിച്ചിരിക്കുന്നത്. അനേകപരിഷ്കാരങ്ങളോടെ പുതിയ പാഠപദ്ധതി മാർച്ച് 23 മുതൽ വിതരണം ചെയ്യും. 30 പുതിയ ഗാനങ്ങൾ സ്റ്റുഡിയോയിൽ റെക്കോർഡ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഹോദരന്മാരായ ഏബ്രഹാം തോമസ് പുല്ലാട്, ബ്ലസൻ തോമസ് കുമ്പനാട് എന്നിവരുടെ അശ്രാന്തപരിശ്രമം ഈ പ്രവർത്തനത്തിന്റെ വിജയമായി തീർന്നു.

ഉത്തരേന്ത്യയിൽ ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നര ലക്ഷം കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ തമിഴ്, കന്നഡ, തെലുങ്ക്, ബംഗാളി, ഒറിയ, ഇംഗ്ലീഷ് ഭാഷകളിലും വി.ബി.എസ് നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

ഭാരതത്തിലെ 40 കോടിയോളം വരുന്ന വിദ്യാർത്ഥികളെ വചനം അറിയിക്കേണ്ട ബാധ്യത നമുക്കുണ്ട്. പ്രാർത്ഥനയും പ്രോത്സാഹനവും നല്കുക.

വി.ബി.എസ് ആവശ്യങ്ങളിലേക്ക് ഭാരിച്ച സാമ്പത്തിക ആവശ്യങ്ങളാണ് ഉള്ളത്. ദൈവജനത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു.

വളരെ ചൂടേറിയ ഈ കാലാവസ്ഥയിൽ വി.ബി.എസിൽ പങ്കെടുക്കുന്നവർക്കും ടീച്ചേഴ്സിനും ആവശ്യമായ പരിചരണവും ദൈവകൃപയും ലഭിക്കേണ്ടതിന് ദൈവജനത്തിന്റെ നിരന്തരമായ പ്രാർത്ഥന അപേക്ഷിക്കുന്നു.

2 ജീവിതപങ്കാളി ബ്രദറൺ വേണ്ട
3 നേതൃത്വവും പ്രാർത്ഥനയും
4 ആറാം മുദ്രയ്ക്ക് മുൻപ്
5 സ്വയത്തെ കീഴടക്കുക
8 ലോകം നമ്മളെ വായിക്കുന്നു

എഡിറ്റോറിയൽ

# ജീവിതപങ്കാളി ബ്രദറൺ വേണ്ട

വിദേശജോലിയും സാമ്പത്തിക സാഹചര്യവും ലഭിച്ചപ്പോൾ അത് നൽകിയ ദൈവത്തെ ഓർക്കുന്നതിലും അപ്പുറം മക്കളുടെ ഭാവിയിലാണ് ചിലരെങ്കിലും ആശങ്കപ്പെട്ടത്. തങ്ങൾക്കു ലഭിക്കാതെപോയ വിദ്യാഭ്യാസം മക്കൾക്കു കൊടുക്കണം. സുഖ സൗകര്യങ്ങൾ അവർക്ക് നിഷേധിക്കരുത്.

ഇംഗ്ലീഷ് വിദ്യാഭ്യാസവും ഹോസ്റ്റൽ ജീവിതവും കൈ നിറയെ പണവും. തൊട്ടടുത്ത ആരാധനാലയവും കൂട്ടുവിശ്വാസികളും പോലും അറിഞ്ഞില്ല നമ്മുടെ ഒരു കൂട്ടുവിശ്വാസി സമീപത്തുള്ള കോളേജിലുണ്ടെന്ന്. ആരാധനയും യോഗങ്ങളും കൊണ്ട് പഠനം മുടങ്ങേണ്ട എന്ന് മാതാപിതാക്കൾ. പഠിതാവിനും എതിരില്ലായിരുന്നു.

വർഷത്തിൽ ഒരിക്കൽ വന്ന് മക്കളെകണ്ട് മടങ്ങുന്ന പ്രവാസികൾ. മുന്തിയ ഇനം ഫോണും അത്യാവശ്യം ഇരുചക്രവും ആവശ്യത്തിന് പണവും ലഭിച്ച മക്കളാകട്ടെ ആധുനികതയുടെ അടിമകളായി. പുറത്തുള്ള സൗഹൃദവും ബന്ധങ്ങളും അവനിൽ പുതിയ ദിശാബോധം അങ്കുരിപ്പിച്ചു. വഴുവഴുപ്പിൽ ചവിട്ടിത്തുടങ്ങുകയായിരുന്നു അവൻ.

ദൈവവും വചനവും ഉപദേശ സത്യങ്ങളും കൂട്ടായ്മാബന്ധങ്ങളും പിറകിൽ എറിയുവാൻ അവൻ സന്നദ്ധനായി. നാലരവർഷംകൊണ്ട് പഠനം പൂർത്തിയാക്കേണ്ട എം.ബി.ബി.എസ് എട്ടു വർഷം കഴിഞ്ഞിട്ടും എങ്ങുമെത്താതെ പോയി. കാറും ബൈക്കും വഴി ഉണ്ടായ പോലീസ് കേസുകൾ ഇനിയും തീർപ്പാക്കാതെ കിടക്കുന്നത്, ഗഞ്ചാവിന്റെയും ബ്രൗൺ ഷുഗറിന്റെയും നീരാളിപ്പിടുത്തത്തിൽ ജീവിതം ഹോമിക്കേണ്ടി വന്നതും ചുരുക്കം പേർക്കല്ല. കുറെ മാനസീക രോഗികളെയും സൃഷ്ടിക്കുവാൻ ഇവ മുഖാന്തരങ്ങളായി.

ഉയർന്ന വിദ്യാഭ്യാസം നല്ലതു തന്നെ. സമൂഹത്തെ സേവിക്കുവാനും കുടുംബത്തിന്റെ യശസ്സ് ഉയർത്തുവാനും ദൈവനാമം മഹത്വപ്പെടുവാനും അത് ഉപകരിക്കപ്പെടണം. എല്ലാറ്റിലും ധനസമ്പാദനം മാത്രമാകരുത് ലക്ഷ്യം. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ തൃപ്തിപ്പെടുവാൻ നമുക്കു കഴിയേണ്ടതാണ്. സാമ്പത്തിക സമൃദ്ധി അടുത്ത തലമുറയെ അലസരും ലക്ഷ്യബോധമില്ലാത്തവരും ധൂർത്തന്മാരും ആക്കുകയേയുള്ളു.

അടുത്ത കാലത്ത് കുറെ ചെറുപ്പക്കാരെങ്കിലും അവർക്കു സമൂഹത്തിൽ ലഭിച്ച അംഗീകാരവും മാന്യതയും ജോലിയും ധനസമൃദ്ധിയും കാരണം ജീവിതപങ്കാളികളെ ബ്രദറൺ വിഭാഗത്തിൽ നിന്നുംവേണ്ട എന്ന് തീരുമാനിച്ചിരിക്കുന്നു. ക്രോണിക് ബാച്ചിലറായി അവർ തുടരുകയാണ്. ആഭരണഭ്രമം ഇതിനു മുഖ്യ കാരണമായി കരുതപ്പെടുന്നു. മദ്യവും ആഘോഷങ്ങളും സാമുദായിക ചിന്തയും മുന്നിലാണ്. താനും മാതാപിതാക്കളും കുടുംബാംഗങ്ങളും രക്ഷിക്കപ്പെട്ടവരും സ്നാനപ്പെട്ടവരും വിശ്വാസജീവിതം നയിക്കുന്ന, വേദപുസ്തക സത്യങ്ങൾ പാലിക്കുന്ന ഒരു വിഭാഗത്തിന്റെ ഭാഗമാണെന്ന് ഒരിക്കൽപോലും വെളിപ്പെടുത്താൻ താൽപര്യമില്ലാതെ പോയതിന്റെ തിക്തഫലമാണിത്.

**കാത്തിരുന്നാൽ, പ്രാർത്ഥിച്ചാൽ ഹൃദയത്തിലെ ആഗ്രഹങ്ങൾ സാധിപ്പിക്കുന്നവനാണ് നമ്മുടെ ദൈവം.**

വിവാഹദിനത്തിന്റെ വൈകുന്നേരം തന്നെ കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിച്ചും സകല നോമ്പും നേർന്നും നടത്തിയും കൊള്ളാമെന്ന് സമ്മതിച്ചും സകല പുണ്യവാളന്മാരോടും മധ്യസ്ഥരോടും അഭയയാചനകഴിച്ചും ജനിക്കുന്ന കുഞ്ഞുങ്ങളെ മാമോദീസാ കഴിപ്പിച്ചും, സമുദായ ഭക്തിയിൽ കുർബ്ബാനയിൽ പങ്കെടുത്തും ജീവിക്കുവാൻ നിർബന്ധിക്കപ്പെടുന്നു. അടുത്ത തലമുറ കുറെക്കൂടെ ശക്തരായ സമുദായംഗങ്ങളായി മാറുന്നു. ഒരിക്കൽ പട്ടത്വവും കർമ്മാചാരങ്ങളും വിട്ടുപോന്ന പിതാക്കന്മാരുടെ പിൻ തലമുറക്കാർക്കു പറ്റുന്ന ഹീനാനുഭവം. ചെറിയ സഭാകൂടിവരവ്, വിദ്യാഭ്യാസവും സാമ്പത്തികവും കുറഞ്ഞ കൂട്ടു വിശ്വാസികൾ, സഭാ ഭിന്നതകൾ, ഗ്രൂപ്പുകൾ, സഭാ കൂടിവരവുകളിലെ മരവിപ്പ് ഇവയൊക്കെ പുതുതലമുറയെ അസ്വസ്തരാക്കുന്നുണ്ട്.

പെന്തക്കോസ്തു വിഭാഗത്തിൽനിന്നും ഭാര്യമാരെ കണ്ടെത്തിയ വളരെയേറെ ബ്രദറൺകാരായ സഹോദരന്മാർ ഉണ്ട്. പിൽക്കാലത്ത് പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അത് മുഖാന്തരമായി. ഇതിനു വിപരീതമായി ചുരുക്കം ചിലർ അങ്ങുമിങ്ങും നിലനിൽക്കുന്നു എന്നത് ആശ്ചര്യപ്പെടുത്തുന്ന സത്യവുമാണ്.

സമാന വിദ്യാഭ്യാസവും തൊഴിലും സാമ്പത്തിക സ്ഥിതിയും കുടുംബമഹിമയും സൗന്ദര്യവും അന്വേഷിക്കുന്നവർ ഉപദേശപരമായ യോജിപ്പും ഐക്യതയും കൂടെ ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാംകൊണ്ടും നന്നായിരുന്നു എന്ന് പല വിവാഹ ആലോചനയിലും ആത്മഗതം പറഞ്ഞവർ ഉപദേശ സത്യങ്ങൾക്കുവേണ്ടി മാത്രം അവയെ വേണ്ടാ എന്നു വച്ചിട്ടുണ്ട്. ആ തീരുമാനത്തെ ദൈവം മാനിക്കുമെന്നതിൽ സംശയം വേണ്ട.

നാല്പത്തൊന്നുകാരനായ യുവാവ്. വേദശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം, മങ്ങിയ നിറം, സാമ്പത്തിക ഭദ്രതയില്ല. സമുദായ പശ്ചാത്തലത്തിൽ നിന്നും ത്യാഗം സഹിച്ച് ബ്രദറൺകാരനായി. വചനവും ഉപദേശവും പഠിച്ചു. വിവാഹാലോചനകൾ പലത് വന്നു.

മലയാള സാഹിത്വത്തിൽ ബിരുദാനന്തര ബിരുദം നേടിയ 36 കാരി. എല്ലാം ഇഷ്ടപ്പെട്ടു. പക്ഷെ, ആ പക്ഷെയിൽ ഉപദേശമായിരുന്നു തെളിഞ്ഞുനിന്നത്. സമീപത്തുള്ള ബ്രദറൺ സഭാകൂട്ടായ്മയിൽ ബന്ധപ്പെട്ട് ഉപദേശ നിശ്ചയം നേടിയാൽ വിവാഹം ആകാം. ആറുമാസത്തെ കാത്തിരിപ്പിനൊടുവിൽ ഉപദേശ സത്യങ്ങളിൽ പരിജ്ഞാനം നേടി സ്വജനത്തെയും പിതൃഭവനത്തെയും മറന്ന് രാജാവ് സന്തോഷിച്ച ഒരു വിവാഹം.

കാത്തിരുന്നാൽ, പ്രാർത്ഥിച്ചാൽ നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങൾ സാധിപ്പിക്കുന്നവനാണ് നമ്മുടെ ദൈവം. ധനത്തിനും സൗന്ദര്യത്തിനും വിദ്യാഭ്യാസത്തിനും കുടുംബമഹിമക്കും നൽകുന്നതിനേക്കാൾ ദൈവത്തിനും വചനസത്യങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നവരായി നാം മാറണം.

### ഈ മാസത്തേക്ക്...

**വലിയവൻ**

ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ
താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു.
മത്തായി. 18: 4

ധ്യാനം



# ദൈവത്തിന്റെ സ്നേഹിതൻ

വില്യം മക്ഡൊണാൾഡ്

**പ്രതിസന്ധികളിൽ നാം നമ്മെത്തന്നെ ന്യായീകരിക്കുകയോ നിയമത്തിൽനിന്നും രക്ഷപെടാനായി പരിശ്രമിക്കുകയോ വേണ്ട. ദൈവം സകലത്തിലും നീതിമാനാണ്. നീതിയോടെ അവിടുന്ന് പ്രവർത്തിക്കും.**

ഹെൻറി സുസോ, 1300 മാണ്ടിൽ ജീവിച്ചിരുന്ന ഒരു ജർമ്മൻ സന്യാസി ആയിരുന്നു. അദ്ദേഹവും പോൾ ടെർസ്റ്റീനും മറ്റു ചില ഭക്തരായ വിശ്വാസികളും അറിയപ്പെട്ടിരുന്നത് ദൈവത്തിന്റെ സ്നേഹിതർ എന്നായിരുന്നു.

അവരുടെ വിശുദ്ധജീവിതം അംഗീകരിക്കപ്പെട്ടതായിരുന്നു. ഒരു ദിവസം ആരോ സുസോയുടെ വാതിലിൽ മുട്ടി. അദ്ദേഹം കതകു തുറന്നപ്പോൾ കണ്ടത് ഒരു സ്ത്രീ കൈയ്യിൽ ഒരു കുഞ്ഞുമായി നിൽക്കുന്നതാണ്. ഒരു മുന്നറിയിപ്പുമില്ലാതെ കുഞ്ഞിനെ അദ്ദേഹത്തിന്റെ കൈകളിൽ ഏല്പിച്ചിട്ട്, "ഇതാ താങ്കളുടെ പാപത്തിന്റെ ഫലം" എന്ന് പറഞ്ഞ് നടന്നകന്നു.

സുസോ ആകെ പരിഭ്രമിച്ചു. ആ സ്ത്രീയുടെ അടിസ്ഥാനമില്ലാത്ത ആരോപണം ഒരു മിന്നൽ പോലെ തോന്നി. കൈക്കുഞ്ഞിനെ കരങ്ങളിലേന്തി അദ്ദേഹം അവിടെ നിശ്ചലനായി നിന്നു. അകാരണമായി താൻ ഇപ്പോൾ അപമാനിക്കപ്പെടാൻ പോകുകയാണ്. ആ സ്ത്രീയുടെ പാപത്തിന്റെ ഫലമാണ് ആ കുഞ്ഞ് എന്നതിന് യാതൊരു സംശയവുമില്ലായിരുന്നു. മറ്റാരുടെയെങ്കിലുംമേൽ കുറ്റം ചുമത്തുക എന്നതായിരുന്നു ലക്ഷ്യം. മതത്തിന്റെ പേരിൽ കാപട്യം ചെയ്യുന്ന ആൾ എന്ന് ആ നാട്ടിൽ വളരെപ്പെട്ടന്ന് വാർത്ത പരന്നു. എന്നാൽ അദ്ദേഹം ഒരു കപടഭക്തനോ തെമ്മാടിയോ ആയിരുന്നില്ല. അദ്ദേഹത്തിന് ചെയ്യാൻ കഴിഞ്ഞിരുന്നത് ദൈവത്തോട് കരഞ്ഞു നിലവിളിക്കുക മാത്രം ആയിരുന്നു. "ദൈവമേ, ഞാൻ നിരപരാധിയാണെന്ന് നിനക്കറിയാം. ഞാനെന്താണ് കർത്താവേ ചെയ്യേണ്ടത്?" ഉത്തരം വളരെ വ്യക്തമായി അദ്ദേഹത്തിന് ലഭിച്ചു. "ഞാൻ ചെയ്തതുപോലെതന്നെ ചെയ്യുക, മറ്റുള്ളവരുടെ പാപം ഏല്ക്കുക, മിണ്ടാതിരിക്കുക." സുസോയക്ക് ക്രൂശിനെക്കുറിച്ച് സുവ്യക്തമായ ദർശനം ലഭിച്ചു. അദ്ദേഹത്തിന്റെ ആത്മാവിന് സമാധാനം ലഭിച്ചു.

സ്വന്തം എന്നപോലെ പ്രതികാരമില്ലാതെ അദ്ദേഹം ആ കുഞ്ഞിനെ വളർത്തി. കുറെ വർഷങ്ങൾക്കുശേഷം, ആ സ്ത്രീ മടങ്ങി വന്ന് അദ്ദേഹത്തിന്റെ കാൽക്കൽ വീണ് കുറ്റം ഏറ്റുപറഞ്ഞു. നാട്ടിലെ ജനങ്ങളോട് സുസോ നിരപരാധിയായിരുന്നു എന്നും എന്റെ ആരോപണം തെറ്റ് ആയിരുന്നു എന്നും പറഞ്ഞു. ദോഷം ഉണ്ടായി, പക്ഷേ ദൈവം അത് നല്ലതിനാക്കി തീർത്തു. സുസോ ക്രിസ്തുവിന്റെ രൂപത്തിനോട് കൂടുതൽ അനുരൂപനായി. അദ്ദേഹം വിജയം കൈവരിച്ചു.

പഴയനിയമത്തിൽ യോസേഫിനുണ്ടായ ഹൃദയവേദനയും കുറ്റാരോപണവും നാം വായിക്കുന്നുണ്ട്. യോസേഫ് പോത്തിഫറിന്റെ ഭാര്യയെ പീഡിപ്പിച്ചു എന്നു ആരോപിക്കുക മാത്രമല്ല, തെളിവായി യോസേഫിന്റെ വസ്ത്രവും കാണിച്ചു. എന്നാൽ യോസേഫ് തന്റെ പ്രശ്നം ദൈവത്തിങ്കലേക്ക് ഭരമേൽപ്പിച്ചു. തന്റെ മേലുള്ള കുറ്റാരോപണം തെറ്റാണെന്ന് തെളിയിക്കാൻ ദൈവത്തിലാശ്രയിച്ചു.

കർത്താവായ യേശുക്രിസ്തുവിനെതിരെ കുറ്റം ആരോപിക്കപ്പെട്ടു. താൻ അവിവാഹിതയായ ഒരു സ്ത്രീക്കു ജനിച്ച മകനാണെന്ന് പറഞ്ഞു പരത്തി. സാത്താന്റെ ശക്തിമൂലമാണ് താൻ അത്ഭുതം ചെയ്യുന്നതെന്നും പറഞ്ഞുണ്ടാക്കി. റോമൻ ഗവൺമെന്റിനെ ഗൂഢാലോചയാൽ തകർക്കാൻ ശ്രമിച്ചു എന്നു കുറ്റമാരോപിച്ചു. വളരെ പ്രയാസഘട്ടത്തിലും കർത്താവ് പറഞ്ഞു, "ഇങ്ങനെയല്ലോ പിതാവേ നിനക്ക് പ്രസാദം തോന്നിയത്."

ഈ സംഭവകഥയിൽനിന്നും നാം മനസ്സിലാക്കേണ്ടത്, പ്രശ്നങ്ങൾ വരുമ്പോൾ നാം നമ്മെത്തന്നെ ന്യായീകരിക്കുകയോ നിയമത്തിൽനിന്നും രക്ഷപെടാനായി പരിശ്രമിക്കുകയോ വേണ്ട. ദൈവം സകലത്തിലും നീതിമാനാണ്. നീതിയോടെ അവിടുന്ന് പ്രവർത്തിക്കും.

നമ്മെ അനേകർ അപകീർത്തിപ്പെടുത്തുമ്പോഴും സന്തോഷിക്കുവാൻ യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ ആഹ്വാനം നല്കുന്നുണ്ട്. കാരണം, സ്വർഗ്ഗത്തിലെ നമ്മുടെ പ്രതിഫലം വലിയതാണ്.

"നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്. എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ." മത്തായി 5: 10–12.

**യേശുക്രിസ്തുവിനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ നിരവധിയായിരുന്നു. അപ്പോഴെല്ലാം കർത്താവിന്റെ പ്രതികരണം ഇതായിരുന്നു, "ഇങ്ങനെയല്ലോ പിതാവേ നിനക്ക് പ്രസാദം തോന്നിയത്."**

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM
ചീഫ് എഡിറ്റർ **വർഗീസ് തോമസ്** 9447368463 | പ്രസാധകൻ **രാജു കെ. തോമസ്** 9447074808 | റസിഡന്റ് എഡിറ്റർ **ഫെബിൻ ജോൺസ്** 9846645523 | മാനേജിങ് എഡിറ്റർ **നിനോ കെ. തോമസ്** 9947744455 | എഡിറ്റോറിയൽ ബോർഡ് **ജേക്കബ് സാം, എം. കെ. തോമസ്, ലിജോ വർഗീസ് പാലമറ്റം, ജോസഫ് മാത്യു, ജോസഫ് പുന്നൂസ്** | അഡ്വൈസറി ബോർഡ് **ജോർജ്ജ് പീറ്റർ, പ്രൊഫ. മാത്യൂസ് ഏബ്രഹാം, സി. പി. അനിയൻ, ജോൺസൻ പി. സാം**

# നേതൃത്വവും പ്രാർത്ഥനയും



പ്രാർത്ഥന സുഖനിദ്രയിലെ ദിവാസ്വപ്നമല്ല. എല്ലാ ഗൗരവപൂർണ്ണമായ പ്രാർത്ഥനയും മനുഷ്യന്റെ ശക്തിയെ ക്ഷയിപ്പിക്കുന്നു. യഥാർത്ഥ മദ്ധ്യസ്ഥപ്രാർത്ഥന ഒരു യാഗമാണ്, രക്തമൊലിക്കുന്ന യാഗം

ഓസ്വാൾഡ് സാൻഡേഴ്സ്

പ്രാർത്ഥന ഒരു വിശ്വാസിക്ക് ആത്മീക ശ്വാസോച്ഛ്വാസത്തിനു തുല്യമാണ്, പ്രാണവായു പോലെ അത്യന്താപേക്ഷിതവുമാണ്; ദൈവത്തോടുള്ള ബന്ധത്തിന്റെ തീവ്രമായ പ്രകടനവുമാണത്. ഒരളവിൽ പ്രാർത്ഥന പൈതങ്ങളുടെ സംസാരത്തിനു തുല്യം ലളിതമാണ്; മറ്റൊരു കാഴ്ചപ്പാടിൽ ഉന്നതനായ ദൈവത്തെ എത്തിപ്പിടിക്കുന്ന ശക്തിയാണ്.

പ്രാർത്ഥനയുടെ കാര്യത്തിൽ ഒരു ക്രിസ്തീയ നേതാവ് തന്റെ അനുയായികളെക്കാൾ ബഹുദൂരം മുന്നിലായിരിക്കേണ്ടതാണ്. എങ്കിലും ഉന്നതനിലവാരം പുലർത്തുന്ന വിശ്വാസികൾക്കുപോലും തങ്ങൾ പ്രാർത്ഥനയിൽ എത്തേണ്ട സ്ഥാനത്ത് എത്തി എന്ന് പറയാൻ കഴിയുകയില്ല. ഡീൻ സി.ജെ. വോഗൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "നിങ്ങൾക്ക് ഒരാളെ താഴ്മയിലേക്ക് നടത്തണമെങ്കിൽ അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം എങ്ങനെയിരിക്കുന്നു എന്ന് ചോദിച്ചാൽ മതി. ദുഃഖകരമായ ഏറ്റുപറച്ചിലുകൾക്ക് ഇടം കൊടുക്കുവാൻ ഇത്രമാത്രം പറ്റിയ ഒരു വിഷയമില്ല എന്നെനിക്കറിയാം." എന്നാൽ അത്ഭുതകരമായ ഒരു സത്യം, നമ്മിൽ അനേകർക്കും പ്രാർത്ഥിക്കുന്ന കാര്യത്തിൽ വലിയ മടി ഉണ്ടെന്നുള്ളതാണ്. ദൈവത്തിന്റെ അടുക്കലേക്ക് ചെല്ലുന്നതിൽ നമുക്ക് സ്വാഭാവികമായ ഒരു പ്രമോദമില്ല. പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റിയും ശക്തിയെപ്പറ്റിയും സന്തോഷത്തെപ്പറ്റിയും നാം പറയാറുണ്ടെങ്കിലും, പ്രാർത്ഥന പക്വതയുള്ള ജീവിതത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്ന് നാം പറയുമെങ്കിലും, നാം പ്രാർത്ഥിക്കണമെന്ന് ദൈവവചനം ഉദ്ബോധിപ്പിക്കുന്നെണ്ടെങ്കിലും, നാം പ്രാർത്ഥിക്കുന്ന കാര്യത്തിൽ പരാജയപ്പെടുന്നു. നമുക്ക് സമസ്വഭാവമുള്ളവരായ മനുഷ്യർ പ്രാർത്ഥിക്കുന്നതിനുള്ള സ്വാഭാവികമായ മടിയെ അതിജീവിച്ച് എങ്ങനെ എന്നും പിന്നീട് അവർ പ്രാർത്ഥനാ വീരന്മാരായിത്തീർന്നത് എങ്ങനെ എന്നും കണ്ട് നമുക്ക് അതിൽനിന്നും പ്രോത്സാഹനം നേടാം.

പ്രധാനിയായ ഒരു ക്രിസ്തീയ നേതാവ് പറഞ്ഞു: " പ്രാർത്ഥിക്കാൻ നിങ്ങൾക്ക് ഇഷ്ടമില്ല എന്നു തോന്നുമ്പോൾ ആ പരീക്ഷയിൽ തോൽക്കരുത്". അദ്ദേഹം തുടർന്നു: " ഇഷ്ടമില്ല എന്നു തോന്നിയാലും പ്രാർത്ഥിക്കാൻ ശ്രമിക്കുക."

പ്രാർത്ഥനയിൽ പ്രാവീണ്യം നേടുന്നതിന് വളരെ സമയം വേണ്ടി വരും. നാം പ്രാർത്ഥനയ്ക്കുവേണ്ടി ചെലവാക്കുന്ന സമയമാണ് പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റി നമ്മൾ മനസ്സിലാക്കുന്നു എന്നതിന്റെ തെളിവ്. ഏറ്റവും പ്രധാനമെന്നു നമുക്കു തോന്നുന്ന കാര്യങ്ങൾക്ക് നാം ഏതെങ്കിലും വിധത്തിൽ സമയം കണ്ടെത്തും. അനേകർക്കും ജോലിത്തിരക്കാണ് പ്രാർത്ഥനയെ അവഗണിക്കുന്നതിന്റെ കാരണം. മാർട്ടിൻ ലൂഥറിനെ സംബന്ധിച്ചിടത്തോളം, ജോലിത്തിരക്ക് എന്നത് കൂടുതൽ സമയം പ്രാർത്ഥനയിൽ കഴിക്കേണ്ടതിന്റെ കാരണമായിരുന്നു. അടുത്ത ദിവസത്തേക്കുള്ള തന്റെ പദ്ധതികളെപ്പറ്റി ഒരാൾ ചോദിച്ചപ്പോൾ ലൂഥർ ഇങ്ങനെ പറഞ്ഞു: " ജോലി, രാവിലെ മുതൽ വൈകുവോളം ജോലി, വാസ്തവം പറഞ്ഞാൽ എനിക്ക് വളരെ ജോലിത്തിരക്കുള്ളതിനാൽ കുറഞ്ഞ പക്ഷം മൂന്നു മണിക്കൂറെങ്കിലും എനിക്ക് പ്രാർത്ഥനയിൽ ചെലവഴിക്കേണ്ടിവരും."

പ്രാർത്ഥന ബുദ്ധിപരമായ പ്രശ്നങ്ങളെ ഉളവാക്കുന്നു എന്നത് സത്യമാണ്. ഗൗരവപൂർണ്ണമായി പ്രാർത്ഥിക്കാൻ ഒരുങ്ങാത്തവരാണ് പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റിയും പ്രയോജനത്തെപ്പറ്റിയും സംശയിക്കുന്നത്; പ്രാർത്ഥനയ്ക്കുള്ള വെളിപ്പെടുത്തപ്പെട്ട വ്യവസ്ഥകൾ അനുസരിക്കാത്തവരും പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റിയും പ്രയോജനത്തെപ്പറ്റിയും സംശയിക്കും. കാര്യകാരണ സഹിതമുള്ള തത്വജ്ഞാനം ഒരുത്തരെയും പ്രാർത്ഥിക്കാൻ പഠിപ്പിച്ചിട്ടില്ല. പ്രാർത്ഥന പഠിക്കുവാൻ പ്രാർത്ഥിക്കുക എന്നതല്ലാതെ മറ്റു മാർഗമൊന്നുമില്ല. എന്നാൽ വെളിപ്പെടുത്തപ്പെട്ട വ്യവസ്ഥകൾക്കനുസരിച്ച് പ്രാർത്ഥിക്കുന്നവർക്ക് പ്രാർത്ഥനയ്ക്ക് ലഭിക്കുന്ന ഉത്തരവും ദൈവത്തോട് ബോധപൂർവ്വമുള്ള കൂട്ടായ്മയും പ്രാർത്ഥനയോടുള്ള ബന്ധത്തിലുള്ള പ്രശ്നങ്ങളെ നീക്കിക്കളയുന്നു.



പ്രാർത്ഥനാ ജീവിതത്തിന്റെ ഉന്നതമായ മാതൃക കാണുവാൻ ഒരു ആത്മീക നേതാവിന് യേശുക്രിസ്തുവിന്റെ ജീവിതത്തിലേക്ക് തന്നെ നോക്കേണ്ടതായിരിക്കുന്നു. ആർക്കെങ്കിലും പ്രാർത്ഥന ആവശ്യമില്ലാത്ത ഒരു അവസ്ഥ ഉണ്ടായിരുന്നെങ്കിൽ അത് പാപരഹിതനായ മനുഷ്യപുത്രനായിരുന്നു. പ്രാർത്ഥന ആവശ്യമില്ലാത്തതോ അപ്രധാനമോ ആയിരുന്നുവെങ്കിൽ യേശുക്രിസ്തുവിന്റെ ജീവിതത്തിലും ഉപദേശങ്ങളിലും അത് കാണുകയില്ലായിരുന്നു. നേരെമറിച്ച്, തന്റെ ജീവിതത്തിലും ഉപദേശങ്ങളിലും പ്രാർത്ഥന അത്യന്തം പ്രാധാന്യമുള്ള കാര്യമായിരുന്നു. തന്റെ പിതാവിന്റെ ഹിതത്തിനനുസരിച്ച് തന്റെ ഹിതം നിറവേറ്റുന്നതിനുള്ള വലിയ ചെലവ് വഹിക്കാൻ യേശുവിനെ ശക്തിപ്പെടുത്തിയത് പ്രാർത്ഥനയായിരുന്നു. പ്രാർത്ഥന മറുരൂപമലയിലെ അനുഭവത്തിലേക്ക് വഴിതെളിച്ചു. യേശുവിന് സന്തോഷകരമായ ഒരു അത്യാവശ്യമായിരുന്നു.

ഇതോടുള്ള ബന്ധത്തിൽ ഡി.എം. മക്കിന്റയർ ഇങ്ങനെ എഴുതി: ലൂക്കോസ് 5:-16 ൽ യേശുക്രിസ്തുവിന്റെ പ്രാർത്ഥനയെപ്പറ്റി വെളിച്ചം വീശുന്ന ഒരു പ്രസ്താവനയുണ്ട്. " അവർ നിർജ്ജനപ്രദേശത്ത് വാങ്ങിപ്പോയി പ്രാർത്ഥികൊണ്ടിരുന്നു." ലൂക്കോസ് ഇവിടെ പറയുന്നത് കർത്താവ് ഒരു പ്രാവശ്യം പ്രാർത്ഥിച്ചതിനെപ്പറ്റിയല്ല, പിന്നെയോ പല പ്രാവശ്യം പ്രാർത്ഥിച്ചതിനെപ്പറ്റിയാണ്. താൻ മനുഷ്യരിൽനിന്നു വേർപെട്ടപ്പോൾ നിർജ്ജനമായ പ്രദേശങ്ങളിലേയ്ക്ക് പോകുക പതിവായിരുന്നു. താൻ മരുഭൂമിയിലായിരുന്നു. ഇത്രമാത്രമ ശക്തനും ആത്മീക ശക്തിയുള്ളവനുമായ യേശുക്രിസ്തുവിന് ശക്തിയുടെ ഉറവിടത്തിലേക്ക് പോയി തന്നെത്തന്നെ ശക്തിപ്പെടുത്തേണ്ട ആവശ്യമുണ്ടായിരുന്നു എന്നതാണ് കാഴ്ചക്കാരെ അത്ഭുതപ്പെടുത്തിയത്. നമുക്ക് അത് കൂടുതൽ അത്ഭുതത്തിന് വക നല്കുന്നു. നിത്യനായ വചനവും പിതാവിന്റെ ഏകപുത്രനുമായവൻ താഴ്മയിലും സൗമ്യതയിലും ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പാകെ കവിണ്ണുവീണ് തന്റെ ആവശ്യങ്ങൾക്കുവേണ്ടി കൃപയ്ക്കുവേണ്ടി യാചിക്കുന്നു!

യേശുക്രിസ്തു പല രാത്രികൾ പ്രാർത്ഥനയിൽ കഴിച്ചിരുന്നു (ലൂക്കോസ് 6:12). താൻ പലപ്പോഴും അതിരാവിലെ ഇരുട്ടുള്ളപ്പോൾ പോയി തന്റെ പിതാവിനോടുള്ള സംസർഗ്ഗത്തിൽ കഴിച്ചു (മർക്കോസ് 1:35). തന്റെ ജീവിതത്തിലെ വലിയ പ്രതിസന്ധിഘട്ടങ്ങൾക്കു മുമ്പ് യേശു പ്രത്യേക പ്രാർത്ഥന കഴിച്ചിരുന്നു (ലൂക്കോസ് 5:16). "അവൻ പുറപ്പെട്ടു നിർജ്ജന പ്രദേശത്ത് പോയി പ്രാർത്ഥിച്ചു." വാക്കിനാലും പ്രവൃത്തിയാലും താൻ പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റി തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (മർക്കോസ് 6:46; ലൂക്കോസ് 9:28).

പക്ഷേ, നമ്മുടെ കർത്താവും തന്റെ ബദ്ധനായ പൗലോസ് അപ്പോസ്തലനും, പ്രാർത്ഥന എന്നത് സുഖനിദ്രയിലെ ദിവാസ്വപ്നമല്ല എന്ന് പഠിപ്പിച്ചിട്ടുണ്ട്. "എല്ലാ ഗൗരവപൂർണ്ണമായ പ്രാർത്ഥനയും മനുഷ്യന്റെ ശക്തിയെ ക്ഷയിപ്പിക്കുന്നു. യഥാർത്ഥ മദ്ധ്യസ്ഥപ്രാർത്ഥന എന്നത് ഒരു യാഗമാണ്, രക്തമൊലിക്കുന്ന യാഗമാണ്"എന്ന് ജെ. എച്ച്.ജോവറ്റ് എഴുതി. യേശുക്രിസ്തു വലിയ അത്ഭുതങ്ങൾ ചെയ്തപ്പോൾ ക്ഷീണിതമായി കാണപ്പെട്ടില്ല. എന്നാൽ തന്റെ പ്രാർത്ഥനയെപ്പറ്റി ദൈവവചനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: " ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത് തന്നെ മരണത്തിൽനിന്ന് രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു" (എബ്രാ. 5:7).

പൗലോസ് അപ്പോസ്തലന്റെയും എപ്പഫ്രാസിന്റെയും മദ്ധ്യസ്ഥ പ്രാർത്ഥനയിലെ അദ്ധ്വാനവും പോരാട്ടവും കണക്കാക്കുമ്പോൾ നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥനകൾ എത്രയോ ബലഹീനമാണ്!(കൊലോ. 4:12). പൗലോസ് അപ്പോസ്തലൻ കൊലോസ്യർക്ക് എഴുതുമ്പോൾ "...... ഹൃദയങ്ങൾക്ക് ആശ്വാസം ലഭിക്കേണം എന്നുവെച്ച് ഞാൻ എത്ര പോരാട്ടം കഴിക്കുന്നു എന്ന് നിങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്ന് എഴുതി "യുദ്ധം", "പോരാട്ടം" ആദിയായ വാക്കുകൾ തളരുവോളം കഠിനാദ്ധ്വാനം ചെയ്യുന്നതിനെ കാണിക്കുന്നു (കൊലോ.1:29). ഓട്ടക്കളത്തിൽ വിരുതിനുവേണ്ടി ഓടുന്നതിനെയും ആ വാക്കുകൾ ഓർപ്പിക്കുന്നു (1 കൊരി. 9:25). ഒരു പോരാളി തന്റെ ജീവനുവേണ്ടി പൊരുതുന്നതിനെ അത് വിവരിക്കുന്നു (1 തിമോ. 6:12). മേൽപ്പറഞ്ഞതിൽ നിന്നെല്ലാം യഥാർത്ഥ പ്രാർത്ഥന അത്യദ്ധ്വാനം നിറഞ്ഞ ആത്മീക അഭ്യാസമാണ് എന്ന് വ്യക്തമാകുന്നു.

പ്രാർത്ഥനയിൽ ഏറ്റവും കൂടുതൽ അദ്ധ്വാനിച്ചിരുന്ന പൗലോസ് " വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്ന് അറിയുന്നില്ലല്ലോ" എന്ന് ഏറ്റു പറഞ്ഞത് നമുക്ക് പ്രോത്സാഹജനകമാണ്. എന്നാൽ അതിനോട് ചേർന്ന് താൻ ഇങ്ങനെ എഴുതി: "അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണ നിൽക്കുന്നു.... ആത്മാവുതന്നെ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവ് വിശുദ്ധർക്കുവേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു" (റോമർ 8:26-28). ദൈവാത്മാവ് നമ്മുടെ മദ്ധ്യസ്ഥപ്രാർത്ഥനകളിൽ തന്നെ നമ്മോട് ബന്ധിപ്പിക്കുകയും തന്റെ യാചനകളെ നമ്മുടെ യാചനകളിലേക്ക് പകരുകയും ചെയ്യുന്നു.

നമുക്ക് പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നോ, അതിന്റെ പ്രവർത്തനമെങ്ങനെയാണെന്നോ അറിവുണ്ടെന്നു വന്നേക്കാം; നമുക്ക് പ്രാർത്ഥനയിൽ തികഞ്ഞ വിശ്വാസമുണ്ടായി എന്നോ പ്രാർത്ഥന സംബന്ധിച്ചുള്ള വാഗ്ദത്തങ്ങളിൽ പൂർണ്ണവിശ്വാസം ഉണ്ടായി എന്നോ വന്നേക്കാം. പക്ഷേ, പ്രാർത്ഥനയിൽ പരിശുദ്ധാത്മാവിന്റെ പങ്കിനെ നാം അവഗണിക്കുന്നുവെങ്കിൽ നാം പ്രാർത്ഥനയുടെ സുപ്രധാന താക്കോൽ എടുക്കാൻ മറന്നു പോകുന്നു.

പ്രാർത്ഥന എങ്ങനെയായിരിക്കണമെന്ന് പഠിപ്പിക്കേണ്ടത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ വിവിധ പ്രവർത്തനങ്ങളിൽ, പ്രാർത്ഥനയിലുള്ള തന്റെ സഹായത്തെപ്പറ്റിയാണ് ദൈവവചനത്തിൽ കൂടുതൽ രരേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥമായ എല്ലാ പ്രാർത്ഥനയും നമ്മുടെ ആത്മാവിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ഉളവാകുന്നതാണ്. പ്രയോജനപ്രദമായ പ്രാർത്ഥന ആത്മാവിൽ ഉള്ള പ്രാർത്ഥനയാണെന്ന് പൗലോസും യൂദായും പഠിപ്പിക്കുന്നു. യഥാർത്ഥ പ്രാർത്ഥന ഒരു വിശ്വാസിയുടെ ആത്മാവിൽ തന്നിൽ വസിക്കുന്ന പരിശുദ്ധാത്മവിനാൽ ഉയരുന്നു. പ്രാർത്ഥന എന്നത് അമാനുഷമായ ഒരു ജോലിയാണ്. അതിന് മനുഷ്യന്റെ ശക്തിക്കപ്പുറമായ ശക്തി ആവശ്യമാണ്. അത് നൽകുന്നത് പരിശുദ്ധാത്മാവാണ്.

ധാർമ്മകവും ശാരീരികവുമായ ബലഹീനതകളിൽ സഹായിക്കുക എന്നത് പരിശുദ്ധാത്മാവിന്റെ പ്രമോദമാണ്. അതുകൊണ്ട് ഈ കാര്യങ്ങളിൽ തനിക്ക് പരിശുദ്ധാത്മാവിന്റെ സഹായം തേടാവുന്നതാണ്. ചിലപ്പോൾ തന്റെ ഹൃദയത്തിൽ കടന്നുകൂടിയ അകൃത്യം നിമിത്തം തനിക്ക് പ്രാർത്ഥിക്കാൻ കഴിയുന്നില്ല. എന്നാൽ താൻ പരിശുദ്ധാത്മാവിൽ ആശ്രയിക്കുമ്പോൾ ക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണം അവകാശമാക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു. മാത്രമല്ല,

➔6

# ആറാം മുദ്രയ്ക്ക് മുൻപ്



സിറിയക് ജോസഫ് പടവിൽ

ആദാമും ഹവ്വയും ദൈവത്തോട് മറുതലിച്ചനാളിൽ ലോകം യുദ്ധത്തെ ഗർഭം ധരിച്ചു. സർപ്പസന്തതിക്കും സ്ത്രീസന്തതിക്കുമിടയിൽ ശത്രുത്വം വിളംബരം ചെയ്തുകൊണ്ട് സ്രഷ്ടാവ് തുടർന്നുള്ള ലോകചരിത്രത്തിന്റെ യുദ്ധനാൾവഴികളെക്കുറിച്ചുള്ള സൂചന ഉൽപത്തിയിലൂടെ നമുക്ക് നല്കി. ഹവ്വയുടെ സന്തതിയായ മനുഷ്യവംശത്തിന്റെ ജീൻപൂളിനെ വിഷലിപ്തമാക്കിക്കൊണ്ട്, സമ്പൂർണ്ണമനുഷ്യനായി അവതരിക്കേണ്ട യേശുവിന്റെ വരവിനെ തടയുക എന്ന ചെകുത്താൻ കുബുദ്ധി യുദ്ധങ്ങളെ അനിവാര്യമാക്കിത്തീർത്തു. കഴിഞ്ഞ മൂവായിരത്തിനാനൂറ്റി ഇരുപത്തി ഒന്ന് കൊല്ലത്തെ ചരിത്രത്തിൽ യുദ്ധം ഇല്ലാത്തതായ വർഷങ്ങളെ എടുത്താൽ അത് ഇരുന്നൂറ്റി അറുപത്തിയെട്ട് വർഷങ്ങൾ മാത്രമേയുള്ളൂ എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

*കൊല്ലരുത്* എന്ന പ്രമാണത്തെ എങ്ങനെ വ്യാഖ്യാനിക്കണം എന്നതാണ് യുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ ക്രിസ്ത്യാനി നേരിടുന്ന പ്രത്യയശാസ്ത്രപ്രശ്നം. ആ വാക്കിൽ ഉൾപ്പെട്ടിരിക്കുന്ന പ്രഥമവും പ്രധാനവുമായ അർത്ഥം *മർഡർ അരുത്* എന്നാണെന്നും അത് ദുഷ്ടലക്ഷ്യത്തോടെ മന:പൂർവ്വമായി ചെയ്യുന്ന കൊലപാതകത്തെക്കുറിച്ചാണെന്നും വ്യാഖ്യാനമുണ്ട്. കൊല്ലരുത് എന്ന കൽപനയോടൊപ്പം *പോയി യുദ്ധം ചെയ്യുക* എന്നുംകൂടി പറഞ്ഞിരിക്കെ അഹിംസോന്മുഖമായ ഒരു ഉപദേശം അവിടെ ഇഴപിരിച്ചെടുക്കുക എളുപ്പമല്ലല്ലോ. ശത്രുവിനെതിരെ യുദ്ധങ്ങൾ നടത്തുക മാത്രമല്ല യിസ്രയേലിന്റെ പല ആഭ്യന്തരതിന്മകൾക്കും മരണശിക്ഷയായിരുന്നു വിധി. അമാലേക്കിനെപ്പോലുള്ള വിഭാഗങ്ങളെ മുച്ചോടുമുടിക്കണമെന്ന കൽപന അതീവ ഗൗരവത്തോടെ നടപ്പാക്കാത്തതായിരുന്നു സാവൂൽ രാജാവിന്റെ പ്രധാനപോരായ്മയായി ദൈവം കണ്ടത്. മിദ്യാനോടുള്ള പ്രതികാരനടപടിയിൽ ശ്വാസമുള്ള ഒന്നിനെയും ജീവനോടെ വയ്ക്കാത്ത തരം നിർമ്മൂലനവും അതിന്റെ സാഹചര്യസംബന്ധിയായി തിരിച്ചെടുക്കേണ്ടിയിരിക്കുന്നു.

എന്നാൽ *ഞാനോ നിങ്ങളോടു പറയുന്നു* എന്ന യേശുവിന്റെ പുതിയനിയമം ഹിംസാത്മകതയെ നിഷേധിക്കുന്ന എക്കാലത്തെയും ഏറ്റവും ഉദാത്തമായ ഒരു ചുവടുവെപ്പായി മാറി. റോമൻ നീതിയും റോമൻ സമാധാനവും വിജയകരമായി നടപ്പിലാക്കി വന്നിരുന്ന ഒരു ലോകക്രമത്തിനിടയിലാണ് ക്രിസ്തു *എന്റെ സമാധാനം* എന്ന ഒരു ബദൽ സംവിധാനത്തെക്കുറിച്ച് പഠിപ്പിച്ചത്. അത് യുദ്ധം ചെയ്ത് നേടിയെടുക്കുന്നതോ, യുദ്ധം ഇല്ലായ്മയോ അല്ല. പ്രത്യുത, യുദ്ധത്തിനിടയിൽ അനുഭവിക്കേണ്ട സമാധാനമാണ്.

പഴയനിയമത്തിലെങ്ങും യുദ്ധപശ്ചാത്തലം നിറഞ്ഞുനിൽക്കുമ്പോൾ പുതിയനിയമത്തിൽ എല്ലായിടത്തും യുദ്ധബിംബങ്ങൾ ചിതറിക്കിടക്കുന്നു. ക്രിസ്ത്യാനി വാളെടുത്ത് പോരാടുന്നില്ലെങ്കിലും ആത്മീകജീവിതത്തെ പോരാട്ടമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. പഴയനിയമത്തിൽ ശത്രുവിനെ വാളെടുത്ത് നേരിടുമ്പോൾ പുതിയനിയമത്തിൽ അത് ആത്മീക അർത്ഥത്തിലാണ്. ഏത് സാഹചര്യത്തിലായാലും ആരോടും ഒരിക്കലും യുദ്ധം അരുത് എന്ന പാസിഫിസ്റ്റ് പാതയാണ് ആദിമസഭ ആദ്യത്തെ മുന്നൂറോളം വർഷങ്ങൾ പിൻതുടർന്നത്. വിശ്വാസികൾ ആരും പട്ടാളത്തിൽ ചേരുകയോ ക്രൈസ്തവസുരക്ഷയ്ക്കായി ഒരു പ്രതിരോധ സംവിധാനത്തെപ്പറ്റി ചിന്തിക്കുകയോ പോലും ചെയ്തിട്ടില്ല. ക്ലമെന്റ് തർത്തുല്യൻ, മുതലായ സഭാപിതാക്കന്മാരുടെ എഴുത്തുകളിൽനിന്ന് ഈ

**ഇറാഖിലെ ദുർബലരായ ക്രൈസ്തവവിഭാഗത്തെ ചവുട്ടി മെതിച്ച് കൊന്ന് മുടിച്ച് മുന്നേറുന്ന ഭീകരസംഘങ്ങളുടെ ക്രൂരതയുടെ ഭീഭത്സതയിൽ ലോകം ഞെട്ടിത്തരിച്ചിരിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ അഗതികളെയും ശിശുക്കളെയും അബലകളെയും സംരക്ഷിക്കാൻ ലോകത്തിന് ബാധ്യതയില്ലേ?**



നയം വ്യക്തമാകുന്നുണ്ട്. വാൾ ഉറയിൽ ഇടുന്നതിനുപരി വാൾ എടുക്കുകപോലും അരുത് എന്നതരം അഹിംസോന്മുഖമായിരുന്നു അന്നത്തെ സഭ. നാം നടക്കേണ്ടുന്നതിന് കർത്താവ് വച്ചിട്ടുപോയ മാതൃകയെ അച്ചെട്ടായി പിന്തിടുരുന്നതിൽ സഭ ഒറ്റക്കെട്ടായി നിലനിന്നു.

എന്നിട്ടും അവർ ആനയിക്കപ്പെട്ടത് കൊലക്കളങ്ങലേക്കായിരുന്നവല്ലോ. ഇന്നു ആവർത്തിക്കപ്പെടുന്ന ചരിത്രവും മറ്റൊന്നല്ല. ഇറാഖിലെ ദുർബലരായ ക്രൈസ്തവ വിഭാഗത്തെ ചവുട്ടി മെതിച്ച് കൊന്ന് മുടിച്ച് മുന്നേറുന്ന ഭീകരസംഘങ്ങളുടെ ക്രൂരതയുടെ ഭീഭത്സതയിൽ ലോകം ഞെട്ടിത്തരിച്ചിരിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ അഗതികളെയും ശിശുക്കളെയും അബലകളെയും സംരക്ഷിക്കാൻ ലോകത്തിന് ബാധ്യതയില്ലേ? അധികാരങ്ങൾ ദൈവദത്തമെങ്കിൽ നീതിപരമായ യുദ്ധങ്ങൾ അനിവാര്യമല്ലേ? യുദ്ധം ചെയ്ത് ഹിറ്റ്ലർക്ക് തടയിട്ടപ്പോൾ ലോകത്തിനുമുഴുവൻ സമാശ്വാസമായില്ലേ?

ഗവർണമെന്റുകൾ പ്രവർത്തിക്കുന്നത് അവരുടെ *സെൽഫ് ഇന്ററെസ്റ്റ്* നോക്കിയാണ്. വിശ്വാസികൾക്കുള്ള കൽപനയാകട്ടെ നമ്മുടെ സെൽഫ് ഇന്ററെസ്റ്റുകളെ മരിപ്പിക്കുകയാണു താനും.

എന്നാൽ ഭീകരതപോലുള്ള ആഗോളവിപത്തിലും തിന്മയുടെ അഴിഞ്ഞാട്ടത്തിലും ദൈവത്തിന്റെ പ്രതിരോധം എങ്ങനെയാണ്? തിന്മയോട് എതിർത്തുനിൽക്കുന്നതെങ്ങനെ? വെട്ടാൻ വരുന്ന പോത്തിനോട് വേദമോതണമോ അതോ പട്ടാളത്തെ വിളിക്കണമോ? ജോൺസ്റ്റോട്ട് ഇങ്ങനെ പറഞ്ഞു, "എന്റെ വീട് കുത്തിത്തുറന്ന് മോഷണം നടത്തുന്ന ഒരുവനെ കയ്യോടെ പിടിച്ചാൽ ഞാൻ അവന്റെ വിശപ്പിനും ദാഹത്തിനുമുള്ളത് കൊടുക്കുകയും കൂടെ പോലീസിനെ വിളിക്കുകയും" എന്നാണ്. അതേ, ദൈവം തന്നെ വച്ചിട്ടുള്ള ഒരു സിവിൽ ഓർഡറുണ്ട് ലോകത്തിൽ. റോമർ പതിമൂന്നിൽ അക്കാര്യം പൗലൊസ് വ്യാഖ്യാനിച്ചിരിക്കുന്നു.

ദൈവം പാപത്തിന് പരിഹാരം വരുത്തി. എന്നാൽ പാപം ലോകത്തിൽ കൊണ്ടുവന്ന ഡാമേജുകളെ കൈകാര്യം ചെയ്യുവാനാണ് നിയമവും പട്ടാളവുമൊക്കെ എന്ന ചിത്രമാണ് അപ്പോസ്തലനായ പൗലൊസ് നമുക്ക് നല്കുന്നത്. ദുഷ്ടന്മാരെ നിഗ്രഹിച്ച് ശിഷ്ടതയെ സംരക്ഷിക്കുവാനുള്ള ബാധ്യതയും ഉത്തരവാദിത്തവും ലോകത്തിൽ നിലനിൽക്കുന്ന അധികാരങ്ങൾക്കാണ്. അവർ പ്രതികാരിയായ ദൈവശുശ്രൂഷകരാണ്. അവർക്ക് ബോംബുകളും സ്റ്റെൽത്തുകളും ഡ്രോണുകളും ഉണ്ട്. വിശ്വാസികളുടെയും നികുതിപ്പണംകൊണ്ടു തന്നെയാണ് അവർ യുദ്ധങ്ങൾ ചെയ്യുന്നത്. സീസറിനുള്ളത് കൊടുക്കുവാൻ പറഞ്ഞപ്പോൾ സീസർ ഒരു പേഗൻ ആണെന്നും പാക്സ് റോമാന നിലനിൽക്കുന്നത് വാൾകൊണ്ടും കുന്തംകൊണ്ടും മിലിറ്ററി മൈറ്റുംകൊണ്ടും മരക്കുരിശുകൊണ്ടുമാണെന്നും അവിടുത്തേക്ക് അറിവില്ലാത്തതുകൊണ്ടല്ലല്ലോ.

സർവ്വാധികാരിയായ ദൈവമാകട്ടെ ഈ *ക്രിയേഷനൽ കേഴ്സിന്* കാലസമ്പൂർണ്ണത വന്നതിനുശേഷം എല്ലാം തനിക്കായി വീണ്ടെടുക്കാൻ കാത്തിരിക്കുന്നു.

യേശുവിന്റെ രണ്ടാംവരവും ഒരു യുദ്ധകാഹളത്തിന്റെ പശ്ചാത്തലത്തിലാണ്. സ്വർഗ്ഗം തുറന്ന് വെള്ളക്കുതിരപുറത്ത് പ്രത്യക്ഷനായ വിശ്വസ്തനും സത്യവാനുമായവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു. *മെയ്ക്ക് വാർ വിത്ത് ജസ്റ്റിസ്* എന്നാണ് ആംഗലത്തിൽ. അത് അത്ര മനോഹരമായ ചിത്രത്തിൽ അല്ല വെളിപ്പാടിൽ വർണ്ണിച്ചിരിക്കുന്നത്. സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് മെതിക്കപ്പെടുമ്പോൾ രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും... സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്നാൻ കൊടുക്കുന്നതരം ഭീകരവും ജിഗുപ്സാവഹവുമായ ഒരു യുദ്ധകഷ്ടമാണത്. അവിടുത്തേക്ക് ശത്രുക്കളോട് യാതൊരു ദയയും ഉള്ളതായി കാണുന്നില്ല. അവിടുത്തെ യുദ്ധജയം സമ്പൂർണ്ണമാക്കുവാൻ അവിടുന്ന് ഗന്ധകം കത്തുന്ന തീപ്പൊയ്കയും തയ്യാറാക്കിയിരിക്കുന്നു.

**സർവ്വാധികാരിയായ ദൈവം ലോകത്തെ ആർക്കും തീറെഴുതി കൊടുത്തിട്ടില്ല. കാരണം അവിടുന്ന് വിശുദ്ധപർവ്വതമായ സീയോനിൽ ഒരു രാജാവിനെ എപ്പോഴേ വാഴിച്ചിരിക്കുന്നു. ലോകം മുഴുവൻ അവന്റെ അവകാശമാണ്. അങ്ങനെ ഒരു രാജാവ് ലോകചരിത്രത്തിൽ വേറെ ഉണ്ടായിട്ടില്ല.**

ദുഷ്ടന്റെ അധീനതയിൽ കിടക്കുന്ന ലോകത്തിൽ ഒന്നാം ലോകമഹായുദ്ധത്തിന് നൂറ് ആണ്ട് തികയുന്ന രണ്ടായിരത്തി പതിനാലിൽ യുദ്ധങ്ങളുടെയും യുദ്ധശ്രുതികളുടെയും ഭീതിദമായ ഭീകരതയിലൂടെ ലോകം അതിന്റെ നാൾവഴിയിലെ മറ്റൊരു നിർണ്ണായക ചരിത്രസന്ധിയിൽ എത്തിനിൽക്കുന്നു. ജാതികൾ കലഹിക്കുകയും വംശങ്ങൾ വ്യർത്ഥമായത് നിരൂപിക്കുകയും ചെയ്ത് വംശശുദ്ധീകരണങ്ങൾ നടത്തി മുന്നേറുമ്പോൾ ദൈവമായ കർത്താവ് അവിടുത്തെ കോപവും ക്രോധവും കൊണ്ട് അവരെ ഭ്രമിപ്പിക്കും.

യുദ്ധം മരണത്തിന്റെ തിമിർപ്പാണെങ്കിൽ സുവിശേഷം ജീവന്റെ ആർപ്പാണ്. *യുദ്ധമൊഴിഞ്ഞ് സമാധാനമായി വിശുദ്ധമാം രക്തത്തിനാൽ* എന്നാണ് സുവിശേഷകന്റെ പാട്ട്. ലോകവും ജഡവും പിശാചും രക്തപ്പുഴകളൊഴുക്കിയും കബന്ധങ്ങൾ എണ്ണിയും യുദ്ധവിജയം തീരുമാനിക്കുമ്പോൾ വിശുദ്ധരക്തംചിന്തി സമാധാനം വരുത്തിക്കൊണ്ട് അവിടുന്ന് വിശുദ്ധയുദ്ധം ജയിച്ചു. വാഴ്ചകളെയും അധികാരങ്ങളെയും അവയുടെ ആയുധവർഗ്ഗം അടിയറവ് വെപ്പിച്ചുകൊണ്ട് ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി. യുദ്ധരംഗത്തെ ഒരു പോരാളിയുടെ വീര്യത്തിന് തുല്യമായ വാക്കുകളിലൂടെയാണ് ഇക്കാര്യം അപ്പോസ്തലൻ ആവേശഭരിതനായി വിവരിച്ചിരിക്കുന്നത്.

സർവ്വാധികാരിയായ ദൈവം ലോകത്തെ ആർക്കും തീറെഴുതി കൊടുത്തിട്ടില്ല. കാരണം അവിടുന്ന് വിശുദ്ധപർവ്വതമായ സീയോനിൽ ഒരു രാജാവിനെ എപ്പോഴേ വാഴിച്ചിരിക്കുന്നു. ലോകം മുഴുവൻ അവന്റെ അവകാശമാണ്. അങ്ങനെ ഒരു രാജാവ് ലോകചരിത്രത്തിൽ വേറെ ഉണ്ടായിട്ടില്ല.

ലോകം മുഴുവൻ അവകാശമാക്കാൻ ശ്രമിച്ച് പരാജയപ്പെട്ടവരുടെ ചരിത്രമാണ് ലോകചരിത്രം. ഇപ്പോൾ ഇറാഖ് കേന്ദ്രീകരിച്ച് ഇപ്പോൾ നടക്കുന്ന രക്തരൂഷിതമായ മതതീവ്രതയും ദൈവാധികാരത്തിനെതിരെയുള്ള പിശാചിന്റെ വെല്ലുവിളിയാണ്. അവനെയും അവന്റെ ദൂതന്മാരെയും ഇരുമ്പുകോൽകൊണ്ട് തകർത്ത് കുശവന്റെ പാത്രം പോലെ അവരെ ഉടയ്ക്കുവാൻ രാജാധിരാജാവും കർത്താധികർത്താവും എന്ന് ഉടുപ്പിലും തുടമേലും എഴുതിയവൻ വരുന്നു. അവിടുന്ന് ആറാംമുദ്ര പൊട്ടിക്കും മുമ്പുള്ള യുദ്ധകഷ്ടങ്ങളാലും ഇറാഖുപോലുള്ള രാജ്യങ്ങളിൽ നടമാടുന്ന മതഭീകരതകളാലും വലയുന്ന നസറായനാമധാരികളോടൊപ്പം നമുക്കും പ്രാർത്ഥിക്കാം: മാറാനാഥാ. ആമേൻ കർത്താവേ വേഗം വരേണമേ...



# ആരാധനയ്ക്കുള്ള തടസ്സങ്ങൾ



ഡോ. കെ. സി. ജോൺസൺ

**യേശുക്രിസ്തു മുഖാന്തരം ലഭിച്ച നന്മകൾ ദൈവമക്കൾ ഓർത്ത് ദൈവത്തിനു സ്തോത്രം അർപ്പിക്കണമെങ്കിൽ അവർക്ക് രക്ഷാനിർണ്ണയം ഉണ്ടായിരിക്കണം.**

ദൈവത്തോടും ദൈവവചനത്തോടും ശരിയായ കൂട്ടായ്മ പുലർത്തുന്ന ഒരു വിശ്വാസിക്കു മാത്രമേ ദൈവം ആഗ്രഹിക്കുന്ന നിലയിൽ ദൈവത്തെ ആരാധിക്കുവാൻ കഴികയുള്ളൂ. ഒരു വിശ്വാസി പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ കർത്താവായ യേശുക്രിസ്തു മുഖാന്തരം പിതാവായ ദൈവത്തെ ആരാധിക്കുക എന്നതാണ് ദൈവത്തിനു പ്രസാദകരമായ ആരാധന. എന്നാൽ അനേക വിശ്വാസികൾക്കും ഈ നിലയിൽ ദൈവത്തെ ആരാധിക്കുവാൻ ഇന്ന് കഴിയുന്നില്ല. അങ്ങനെയുള്ള വിശ്വാസികളുടെ ആരാധനയ്ക്കുള്ള ചില തടസ്സങ്ങൾ വിചിന്തനം ചെയ്യുകയാണ് ഈ ലേഖനത്തിൽ.

**ദൈവവചനത്തോടുള്ള അനുസരണക്കേട്**

ദൈവവചനം അനുസരിക്കാതെയുള്ള ജീവിതം ആരാധനയ്ക്ക് ഒരു തടസ്സമാണ്. ജീവനുള്ള സത്യദൈവത്തെയാണ് ആരാധിക്കുന്നതെങ്കിൽപ്പോലും തെറ്റായ നിലയിലാണ് ചെയ്യുന്നതെങ്കിൽ അത് ദൈവം സ്വീകരിക്കുകയില്ല. ദൈവത്തിനത് പ്രസാദകരമല്ല. ദൈവം നല്കിയ നിയമങ്ങൾക്കും പ്രമാണങ്ങൾക്കും വിരുദ്ധമായാണ് നാം ആരാധിക്കുന്നതെങ്കിൽ ആ ആരാധന ദൈവം സ്വീകരിക്കുകയില്ല (ലേവ്യാ. 10:1,2; മലാഖി 1:7-14). ശമൂവേൽ അനുസരണക്കേട് കാണിച്ച ശൗലിനോട് പറഞ്ഞത് ഇതിനോടുള്ള ബന്ധത്തിൽ ശ്രദ്ധേയമാണ് -''*അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്*" (1 ശമൂ. 15:22). രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, വേർപെട്ടവരാണ് ദൈവത്തെ ആരാധിക്കേണ്ടത്.

**രക്ഷാനിർണ്ണയം ഇല്ലാത്ത ജീവിതം**

ഉന്നതനും നിത്യനും സർവ്വശക്തനും സർവ്വവ്യാപിയും സർവ്വാധികാരിയുമായ ദൈവത്തിന്റെ ഔന്നത്യം മനസ്സിലാക്കി അവനു തക്ക മഹത്വം കരേറ്റുകയും തന്റെ വലിയ രക്ഷണ്യ പ്രവർത്തനത്തെ ഓർത്ത് അതിന് വലിയവനായ ദൈവത്തിനു സ്തോത്രം അർപ്പിക്കുകയും ചെയ്യുന്നതാണല്ലോ ആരാധന. യേശുക്രിസ്തു മുഖാന്തരം ലഭിച്ച നന്മകൾ ദൈവമക്കൾ ഓർത്ത് ദൈവത്തിനു സ്തോത്രം അർപ്പിക്കണമെങ്കിൽ അവർക്ക് രക്ഷാനിർണ്ണയം ഉണ്ടായിരിക്കണം. ഒരു പാപിയുടെ അവസ്ഥയെക്കുറിച്ചും പാപത്തിന്റെ ശമ്പളമായ മരണത്തെക്കുറിച്ചും എന്നാൽ ആ അവസ്ഥയിൽ കർത്താവ് അവർക്കു വേണ്ടി ഒരുക്കിയ രക്ഷയെക്കൂറിച്ചും വ്യക്തമായ അവബോധമുള്ള ഒരു വിശ്വാസിക്കു മാത്രമേ ശരിയായ നിലയിൽ ദൈവത്തെ ആരാധിക്കുവാൻ കഴികയുള്ളൂ. തന്നെ ദൈവം രക്ഷിച്ചു എന്നും താൻ ഒരു ദൈവ പൈതൽ ആണെന്നും ഉള്ള ബോധം ഒരു വിശ്വാസിക്കുണ്ടെങ്കിൽ മാത്രമെ തനിക്ക് തടസ്സം കൂടാതെ ദൈവത്തെ ആരാധിക്കുവാൻ കഴിയുകയുള്ളു.

**ആത്മീയകാര്യങ്ങളിലെ താലപര്യക്കുറവ്**

ആത്മീയകാര്യങ്ങളിലെ മന്ദത ഇന്ന് വിശ്വാസികളിൽ പൊതുവെ കാണുന്ന ഒരു പ്രവണതയാണ്. ഒന്നാം നൂറ്റാണ്ടിലെ സ്ഥിതിയും ഇതിൽനിന്നും ഒട്ടും വ്യത്യസ്തമായിരുന്നില്ല (എബ്രാ. 5:11; 6:12). ഈ താൽപര്യക്കുറവ് സഭായോഗങ്ങളെ അലക്ഷ്യമാക്കുന്ന അവസ്ഥയിലേക്ക് അവരെ എത്തിക്കുകയും ഉണ്ടായി. ഈ ആത്മീയ

➔6

# സ്വയത്തെ കീഴടക്കുക



ബിനു സാമുവേൽ

**സ്വയനിയന്ത്രണം സ്വയശക്തി കൊണ്ട് സാധ്യമല്ല. സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിച്ച് ദൈവിക ശക്തിയിൽ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധിക്കും.**

എവറസ്റ്റ് കൊടുമുടി കീഴടക്കിയ പർവ്വതാരോഹകൻ എഡ്മണ്ട് ഹിലാരിയോട് പത്രപ്രവർത്തകൻ പർവ്വതം കയറുന്നതിലുള്ള തന്റെ താത്പര്യത്തെക്കുറിച്ച് ചോദിച്ചു. അതിന് മറുപടിയായി അദ്ദേഹം പറഞ്ഞത്, "ഞങ്ങൾ പർവ്വതമല്ല കീഴടക്കുന്നത് ഞങ്ങളെത്തന്നെ കീഴടക്കുകയാണ്." റഷ്യക്കാരനായ പീറ്ററിന്റെ വാക്കുകൾ ശ്രദ്ധേയമാണ് " എനിക്ക് ഒരു സാമ്രാജ്യത്തെ കീഴടക്കാൻ കഴിയും എന്നാൽ എന്നെത്തന്നെ കീഴടക്കാൻ കഴിയുന്നില്ല." ഒരു ഡച്ച് പണ്ഡിതന്റെ വാക്കുകൾ ശ്രദ്ധിക്കുക,"ഒരു പട്ടണത്തെ നിയന്ത്രിക്കാൻ കഴിയാത്തവന് ഒരു രാജ്യം നിയന്ത്രിക്കാൻ കഴിയില്ല, തന്നെത്താൻ നിയന്ത്രിക്കാൻ കഴിയാത്തവന് ഒരു പട്ടണവും നിയന്ത്രിക്കാൻ കഴിയില്ല, തന്റെ ആഗ്രഹങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവന് സ്വയം നിയന്ത്രിക്കുവാനും കഴിയില്ല."

സ്വയനിയന്ത്രണം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിൽ മനുഷ്യൻ പരാജയപ്പെടുകയാണ്. ജീവിതത്തിന്റെ വിവിധ മേഖലകളെ നിയന്ത്രിക്കാൻ കഴിയാതെ പരാജയത്തിന്റെ പടുകുഴിയിലേക്ക് വീണുകൊണ്ടിരിക്കുന്നു. മനുഷ്യൻ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന അസമാധാനത്തിനും പ്രശ്നങ്ങൾക്കും കാരണം ഒരളവിൽ സ്വയനിയന്ത്രണം ഇല്ലാത്തതാണ്. മദ്യത്തിനും മയക്കുമരുന്നിനും അശ്ലീല സാഹിത്യങ്ങൾക്കും മോശമായ കാഴ്ചകൾക്കും ദുഷിച്ച പ്രവണതകൾക്കും ഇന്നത്തെ തലമുറ അടിമകളാകുന്നതിന് കാരണം ഇന്ദ്രിയജയം ഇല്ലാത്തതുകൊണ്ടാണ്. ഇന്ദ്രിയജയം കൂടാതെ സ്വാതന്ത്ര്യം കിട്ടുവാൻ ആഗ്രഹിക്കുന്നവർ നങ്കൂരം നഷ്ടപ്പെട്ട കപ്പൽ പോലെയാണ്. അത് എവിടേക്ക് വേണമെങ്കിലും പോകും, പാറക്കെട്ടുകളുടെ ഇടയിലേക്കും ചെന്നു കയറും. ഇന്ദ്രിയജയം കൂടാതെ വിജയകരമായ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർ പൈലറ്റില്ലാത്ത വിമാനത്തിൽ സഞ്ചരിക്കുന്നതു പോലെയായിരിക്കും. എപ്പോഴാണ് ഉയരത്തിൽ നിന്ന് താഴേക്കു പതിക്കുക എന്ന് ആർക്കും പറയുവാൻ കഴിയില്ല. ഇന്ദ്രിയജയം കൂടാതെ മുൻപോട്ടു പോകാനാഗ്രഹിക്കുന്നവർ ബ്രേക്കും ഹാൻഡിലും ഇല്ലാത്ത സൈക്കിളിൽ പോകുന്നതു പോലെയായിരിക്കും.



പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ ഇന്ദ്രിയങ്ങളെ കടിഞ്ഞാണിട്ട് നിയന്ത്രിക്കാൻ കഴിഞ്ഞാൽ നല്ലൊരു ജീവിതം കാഴ്ച വയ്ക്കാം. സ്വയശക്തി കൊണ്ട് സാധിക്കുകയില്ല. സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളിൽ നിങ്ങളെത്തന്നെ സമർപ്പിച്ച് ദൈവിക ശക്തിയിൽ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധിക്കും.

നിയന്ത്രിക്കാൻ കഴിയില്ല എന്ന ചിന്ത പിശാച് കൊണ്ടുവരുന്നതാണ്. അത് അവന്റെ വഞ്ചനയാണ്. പിശാചിന്റെ തന്ത്രങ്ങളോട് ദൈവമക്കൾ എതിർത്തു നില്ക്കണം. സ്വയനിയന്ത്രണത്തെക്കുറിച്ച് ബൈബിൾ വ്യക്തമാക്കുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കുക

**1. സ്വയനിയന്ത്രണം അഥവാ ഇന്ദ്രിയ ജയം എന്നാൽ എന്താണ്?**

ശരീരത്തെയും മനസ്സിനെയും വികാരത്തെയും പാപം ചെയ്യാനുള്ള പ്രലോഭനം ഉണ്ടാകുമ്പോൾ അതിന് അടിമപ്പെടാതവണ്ണം നിയന്ത്രിക്കുന്നതിനാണ് സ്വയനിയന്ത്രണം എന്നു പറയുന്നത്.

**2. സ്വയനിയന്ത്രണം ഇല്ലാത്ത വ്യക്തി ബ്രേക്ക് നഷ്ടപ്പെട്ട വാഹനം പോലെയാണ്.**

സദൃ.25:26 ൽ ശലോമോൻ പറയുന്നത് ശ്രദ്ധിക്കുക,"ആത്മസംയമം ഇല്ലാത്ത പുരുഷൻ മതിൽ ഇല്ലാതെ ഇടിഞ്ഞു കിടക്കുന്ന പട്ടണം പോലെയാകുന്നു."

ആത്മനിയന്ത്രണം ഇല്ലാതെ പോയാൽ എവിടേക്കാണ് തന്റെ ജീവിതം പോകുന്നത് എന്ന് ഒരു ലക്ഷ്യവും ഉണ്ടാകുകയില്ല. മതിൽ ഇല്ലാത്ത പട്ടണത്തിൽ ആക്ക്ക്കു വേണമെങ്കിലും ഏതു സമയത്തും കയറി ഇറങ്ങാം. അവന്റെ ജീവിതത്തിന് അടുക്കും ചിട്ടയും ഉണ്ടായിരിക്കുകയില്ല.

**3. സ്വയനിയന്ത്രണം ഇല്ലാത്ത വ്യക്തി മൂഢനാണ്. (സദൃ.29:11)**

തന്റെ ജീവിതത്തെ നിയന്ത്രിക്കാൻ കഴിയാത്തതിനാൽ തന്റെ ഉള്ളിലുള്ളതെല്ലാം പുറത്തു വരുന്നു. എന്നാൽ ജ്ഞാനി തന്നെത്തന്നെ നിയന്ത്രിക്കുന്നു. സ്വയനിയന്ത്രണം ഇല്ലാത്തവനെ മൂഢൻമാരുടെ പട്ടികയിലാണ് ദൈവവചനം ഉൾപ്പെടുത്തിയിരിക്കുന്നത്.

**4. സ്വയനിയന്ത്രണം ആത്മാവിന്റെ ഫലമാ**

➔6

→1

## യിസ്രയേൽ രാഷ്ട്രം

ന്നത്. അദ്ദേഹം കൂട്ടിച്ചേർത്തു. യിസ്രയേൽ രാജ്യത്തിനോടുള്ള അമേരിക്കൻ ഗവൺമെന്റിന്റെ സഹായങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. ഈ മാസം വരാൻ പോകുന്ന തെരഞ്ഞെടുപ്പിനോടുള്ള ബന്ധത്തിൽ യിസ്രയേൽ രാജ്യത്തിന്റെ നിലപാട് അദ്ദേഹം വ്യക്തമാക്കി. സെഖര്യാവ് 14, യെഹസ്കേൽ 38 എന്നീ വേദഭാഗങ്ങളുടെ പ്രവചനനിവൃത്തിക്കുവേണ്ടിയുള്ള ഒരുക്കങ്ങളാണ് ഈ പ്രസ്താവനകൾ എന്ന് പല വേദപണ്ഡിതന്മാരും അഭിപ്രായപ്പെട്ടു. ക്രിസ്തുവിന്റെ വരവിന്റെ തയ്യാറെടുപ്പുകളാണ് ഈ യിസ്രയേൽ ഐക്യം എന്നു വ്യക്തമാണ്.

→1

## മാതൃകാ ദൈവദാസൻ

സൻ റോട്ട് പരിചയപ്പെടുത്തി. ബ്രദർ വർഗീസ് ഏബ്രഹാം പ്രാർത്ഥിച്ച് ആശീർവാദം പറഞ്ഞു. ബി.ബി.ഐ. ടീം ഗാനവിരുന്ന് ഒരുക്കി. ഇലന്തൂരും പരിസരങ്ങളിലും ഉള്ള സ്ഥലംസഭകളിൽനിന്നും വലിയ കൂട്ടം വിശ്വാസികൾ പങ്കെടുത്തു.

1989 ജൂൺ 11 ന് കർതൃദാസൻ എം. ഇ. ചെറിയാൻ ഉദ്ഘാടനം ചെയ്ത ബി. ബി. ഐ. അനുഗ്രഹീതശുശ്രൂഷയിൽ ഇന്നും തുടരുകയാണ്. കഴിഞ്ഞ രണ്ടര പതിറ്റാണ്ടിലൂടെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ 162 സഹോദരന്മാർ പൂർണ്ണ സമയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. പുതിയനിയമ മാതൃകയിലുള്ള 61ൽ പരം വേർപെട്ട സഭാകൂടിവരവുകൾ ഇതിനോടകം രൂപം കൊള്ളുവാൻ ഇടയായിട്ടുണ്ട്. 13000 ഗ്രന്ഥങ്ങളുള്ള ഒരു ലൈബ്രറി ബി. ബി. ഐ.ക്കു സ്വന്തമായിട്ടുണ്ട്. വർഷം തോറും അദ്ധ്യാപകരും വിദ്യാർത്ഥികളും കൂടി വിവിധ ടീമുകളായി വടക്കേ ഇന്ത്യയിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ക്യാമ്പുകൾ നടത്താറുണ്ട്. പുതിയ അദ്ധ്യയനവർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. മെയ് 1ന് ക്ലാസ്സുകൾ ആരംഭിക്കും. കർതൃശുശ്രൂഷയ്ക്കുള്ള വിളിയും സമർപ്പണവുമുള്ള ബ്രദറൺ യുവാക്കൾക്ക് അവസരം ലഭിക്കും. ബി. ബി. ഐ. ദൈവജനത്തിന്റെ പ്രാർത്ഥന അർഹിക്കുന്ന ശുശ്രൂഷയാണ്.

→5

## ആരാധന...

മന്ദത ദൈവാരാധനയ്ക്ക് ഒരു തടസ്സവുമാണ്. അതുകൊണ്ടാണ് സഭായോഗങ്ങളെ ഉപേക്ഷിക്കരുത് (എബ്രാ.10:24) എന്ന വ്യക്തമായ നിർദ്ദേശം എഴുത്തുകാരൻ വിശ്വാസികൾക്ക് നൽകുന്നത്.

**ലോകത്തിന് അനുരൂപമായുള്ള ജീവിതം**

ലോകത്തിന് അനുരൂപമായി ഒരു വിശ്വാസി ജീവിക്കുമ്പോൾ അത് അവന്റെ ആരാധനയ്ക്ക് ഒരു തടസ്സമാണ്.

രക്ഷിക്കപ്പെടാത്തവർ ജീവിക്കുന്നതുപോ ലെ ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം (1 യോഹ. 2:16) എന്നിവയ്ക്ക് ഒരു വിശ്വാസി പ്രാധാന്യം നൽകുമ്പോൾ അവൻ ജഡികനായിത്തീരുകയാണ്. വിശ്വാസികൾ ഈ ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും ലൗകികന്മാരായി ജീവിക്കുവാൻ പാടുള്ളതല്ല.

**അഹംഭാവം**

ഞാൻ എന്ന ഭാവം നമ്മുടെ ആരാധനയ്ക്ക് ഒരു യഥാർത്ഥ തടസം തന്നെയാണ്. ദൈവം ബലഹീനമായതിനെയും കുലഹീനമായതിനെയും നികൃഷ്ടമായതിനെയും തിരഞ്ഞെടുത്തു രക്ഷിച്ചത് "*ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്ന്*" (1 കൊരി.1:27-29) ആണ്. നമ്മുടെ സ്വയത്തെയും ഞാൻ എന്ന ഭാവത്തെയും ക്രൂശിച്ചുകൊണ്ട് ദൈവമായ ക്രിസ്തുവിനെ ഉയർത്തി, അവ ന്നു മഹത്വം അർപ്പിച്ച് ജീവിക്കുന്നതിന് നമുക്ക് നമ്മെത്തന്നെ ദൈവകരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കാം.

**പരിശുദ്ധാത്മനിറവ് ഇല്ലാത്ത അവസ്ഥ**

പരിശുദ്ധാത്മ നിറവില്ലാത്ത അവസ്ഥ ദൈവത്തിനു പ്രസാദകരമായ ആരാധനയ്ക്ക് ഒരു തടസ്സമാണ്. ഈ ദുഷ്കാലത്ത് നാം ദൈവഹിതം വാസ്തവമായി മനസ്സിലാക്കി വിശ്വാസികൾ എന്ന നിലയിൽ ജീവിക്കണം എന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു (എഫെ. 5:17). അങ്ങനെ ദൈവഹിതപ്രകാരം ജീവിക്കുന്ന ഒരുവൻ പരിശുദ്ധാത്മനിറവിൽ (എഫെ. 5:18) ജീവിക്കുകയും ചെയ്യും. ആത്മനിറവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പരിശുദ്ധാത്മാവിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൻ കീഴിലാകുക എന്നാണ്. പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിക്കുക-"*ആത്മാവ് നിറഞ്ഞവരായിത്തീരുവിൻ*" [be filled with the Spirit] (എഫെ. 5:18). ഇത് ഏതെങ്കിലും പ്രത്യേക സന്ദർഭത്തിലേക്കോ ശുശ്രൂഷകൾക്കോ മാത്രമുള്ളതല്ല; കർത്താവിന്റെ ഇഷ്ടം ഗ്രഹിച്ചുകൊണ്ടുള്ള നിരന്തരമായ ഒരു ജീവിതത്തിനു വേണ്ടിയുള്ളതാണ് (എഫെ. 5:17). "ആത്മാവിൽ നിറഞ്ഞു കൊണ്ടേയിരിപ്പിൻ" [continue to be filled with the Spirit] എന്നാണ് ഗ്രീക്കിൽ അർത്ഥ മാക്കുന്നത്. പരിശുദ്ധാത്മാവ് ഒരു വ്യക്തി യാണ്. ആ വ്യക്തിയെക്കൊണ്ടു നിറയുക എന്നു പറഞ്ഞാൽ ആ വ്യക്തിക്കു നമ്മുടെ മേൽ പരിപൂർണ്ണ നിയന്ത്രണം ഉണ്ടാകുക എന്നാണർത്ഥം. അതായത്, ആ വ്യക്തിയുടെ സ്വാധീനം നമ്മിൽ പൂർണ്ണമായി ഉണ്ടായിരിക്കുക. അതിന്നു നാം ചെയ്യേണ്ടത് നമ്മെ പൂർണ്ണമായി കർത്താവിന്നു സമർപ്പിച്ചുകൊണ്ട് പരിശുദ്ധാത്മാവിനു നമ്മിൽ പൂർണ്ണമായ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുക എന്നുള്ളതാണ്. അങ്ങനെ നാം പരിശുദ്ധാത്മാവിന്റെ പൂർണ്ണ സ്വാധീനത്തിനു വിധേയരാകുന്നു. ഈ നിറവിന്റെ ഫലം നമ്മുടെ ആരാധനയിൽ നമുക്ക് സഹായകമാണ് (എഫെ. 5:10-21).

**സ്വയശോധന ഇല്ലാത്ത ജീവിതം**

ദൈവവചനത്തിന്റെ അടിസ്ഥാനത്തിലുള്ള സ്വയശോധന ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഇല്ലെങ്കിൽ അത് യഥാർത്ഥ ആരാധനയ്ക്ക് ഒരു തടസ്സമായിത്തീരും. ദൈവത്തെ നാം ഓർക്കുന്നതിന്നും ദൈവം നമുക്കു വേണ്ടി ചെയ്ത വലിയ പ്രവർത്തനത്തെ ഓർക്കുന്നതിനും വേണ്ടിയാണ് തിരുവത്താഴം കർത്താവ് സ്ഥാപിച്ചത്. ദൈവം ആഗ്രഹിക്കുന്ന നിലയിൽ സഭയായി ദൈവത്തെ ആരാധിക്കുമ്പോൾ ആ ആരാധനയുടെ ഒരു ഭാഗമാണ് തിരുവത്താഴത്തിൽ പങ്കുകൊള്ളുക എന്നുള്ളത്. അതിനോടു ബന്ധപ്പെട്ട് പൗലൊസ് പറയുന്നത് ഇപ്രകാരമാണ്: "*മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്വാൻ*" (1 കൊരി. 11:28).

നാം സ്വയശോധന ചെയ്യുമ്പോൾ നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപത്തെ ദൈവസന്നിധിയിൽ ഏറ്റുപറയുന്നതിനും അങ്ങനെ വിശുദ്ധ ജീവിതത്തിൽ തുടരുന്നതിനും ഇടയാകും. പാപവും അശുദ്ധിയും നമ്മുടെ ആരാധനാ ജീവിതത്തിനു തടസ്സമാണ്. ആ തടസ്സം നീക്കാൻ സ്വയശോധന നമ്മെ സഹായിക്കും.

**ഉപസംഹാരം**

ദൈവവചനപ്രകാരം ജീവിക്കാതെ പാപത്തിൽ തുടരുന്ന ദൈവമക്കളെ ദൈവം ശിക്ഷിക്കും എന്ന് ദൈവവചനം വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

പുരോഗ മനോന്മുഖമായ ശുദ്ധീകരണത്തിനുവേണ്ടി പിതാവായ ദൈവം നൽകുന്ന ഈ ശിക്ഷ ബാലശിക്ഷയാണ് (1 കൊരി. 11:27-32; എബ്രാ. 12:4-11). ആകയാൽ സ്വയശോധന ചെയ്ത് വിശുദ്ധിയോടുകൂടെ ദൈവവചനപ്രകാരം നമുക്ക് ത്രിയേക ദൈവത്തെ ആരാ ധിക്കാം. ഈ ലോകത്തിന് അനു രൂപമാകാതെ നമ്മെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്തി നമുക്ക് ദൈവത്തെ ആരാധിക്കാം.

→5

## സ്വയനിയന്ത്രണം

**ണ്. (ഗലാ.5:23)**

യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച ഒരു വ്യക്തിയിൽ ദൈവം തന്റെ ആത്മാവിനെ നൽകിയിരിക്കുന്നു. അവനിൽ ആത്മാവിന്റെ അധിവാസം ഉള്ളതിനാൽ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കാൻ കഴിയും. എന്നാൽ പലപ്പോഴും ഈ ഫലം പുറപ്പെടുവിക്കുന്നതിൽ നാം പരാജയപ്പെടുന്നു. ആത്മാവിന്റെ സമ്പൂർണ നിയന്ത്രണത്തിൽ ജീവിക്കുന്ന ഒരാൾക്ക് സ്വയനിയന്ത്രണം ഉള്ളവനാകാം.

**5. സ്വയനിയന്ത്രണം ദൈവത്തിന്റെ ദാനമാണ്. (2തിമൊ.1:7)**

ദൈവം നമ്മിൽ നൽകിയിരിക്കുന്നത് ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയാണ്. സുബോധം എന്നതിന് അച്ചടക്കം എന്നാണ് അർത്ഥം. ഈ അച്ചടക്കം ദൈവത്തിന്റെ ദാനമാണ്. സ്വയനിയന്ത്രണം ഇല്ലാത്തവൻ ദൈവത്തിന്റെ ദാനം നിരാകരിക്കുന്നവനാണ്.

**6. സ്വയനിയന്ത്രണം വളർത്തിയെടുക്കേണ്ടതാണ്. (2 പത്രോ.1:6)**

ആത്മീയവളർച്ചയിൽ വളർത്തിയെടുക്കേണ്ട ഒന്നാണ് സ്വയനിയന്ത്രണം. പരിജ്ഞാനത്തോട് ഇന്ദ്രിയജയവും കൂട്ടിക്കൊൾവിൻ എന്നാണ് പത്രോസ് അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നത്. ഉത്സാഹത്തോടെ ആത്മീയവളർച്ചയിൽ അദ്ധ്വാനിക്കുന്ന ഒരു ദൈവപൈതലിൽ സ്വയനിയന്ത്രണവും വളർത്തപ്പെടുന്നു.

**7. കുട്ടികൾക്കും പ്രായമുള്ളവർക്കും സ്വയനിയന്ത്രണം അനിവാര്യമാണ് (തീത്തോ.2:2-6)**

സ്വയനിയന്ത്രണം കുട്ടികൾക്ക് മാത്രമുള്ളതാണ് എന്ന് ധരിക്കേണ്ടതില്ല. പ്രായമുള്ളവർക്ക് സ്വയനിയന്ത്രണം സ്വഭാവികമായിട്ട് ഉണ്ട് എന്ന തെറ്റായ ധാരണ നിലവിലുണ്ട്. അത് തെറ്റാണ്. പ്രായമുള്ളവർക്കും ഇന്ദ്രിയജയം അനിവാര്യമാണെന്ന് ദൈവവചനം ഓർപ്പിക്കുന്നു.

**8. എല്ലാറ്റിനും ഒരു സമയമുണ്ട്. (സഭാ.പ്ര.3:1-8)**

എല്ലാറ്റിനും ഒരു സമയമുണ്ട് എന്ന് ശലോമോൻ നമ്മെ ഓർപ്പിക്കുന്നു. സ്വയം നിയന്ത്രിക്കേണ്ട സമയത്ത് നിയന്ത്രിക്കാതിരുന്നിട്ട് പിന്നിട് ദുഃഖിച്ചിട്ട് കാര്യമില്ല. ചെയ്യേണ്ട കാര്യങ്ങൾ അതതു സമയത്ത് ചെയ്യണം. തെറ്റു ചെയ്യാനുള്ള പ്രലോഭനം ഉണ്ടാകുമ്പോഴാണ് നിയന്ത്രിക്കേണ്ടത്. തെറ്റു ചെയ്ത് കഴിഞ്ഞിട്ട് നിയന്ത്രിച്ചിട്ട് എന്തു പ്രയോജനം. അതുകൊണ്ട് സ്വയനിയന്ത്രണം അതതിന്റെ സമയത്ത് ചെയ്യേണ്ട കാര്യമാണ്.

**9. നമ്മുടെ ചിന്തകളെ നിയന്ത്രിക്കാം. (2 കൊരി.10:5)**

നമ്മുടെ എല്ലാ ചിന്തകളെയും ക്രിസ്തുവിനോടുള്ള അനുസരണത്തിൽ പിടിച്ചടക്കാം എന്നാണ് പൗലോസ് അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നത്. മോശമായ ചിന്തകൾ നമ്മുടെ മനസ്സിൽ താലോലിക്കപ്പെടുന്നത് നാം തടയേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ അത് പാപത്തിലേക്ക് നമ്മെ കൊണ്ടുപോകും.

**10. നമ്മുടെ നാവിനെ നിയന്ത്രിക്കാം (സദൃ.20:19)**

നിയന്ത്രണമില്ലാത്ത സംസാരം പലപ്പോഴും അപകടത്തിലേക്കാണ് നയിക്കുന്നത്. വാക്കുകൾകൊണ്ട് ഒരു മനുഷ്യനെ കൊല്ലുവാനും ജീവിപ്പിക്കുവാനും കഴിയും. വായിൽനിന്ന് വീഴുന്ന വാക്കും കൈയ്യിൽ നിന്ന് പോകുന്ന കല്ലും തിരിച്ചെടുക്കാൻ കഴിയില്ല. അതുകൊണ്ട് നമ്മുടെ നാവിനെ കടിഞ്ഞാണിടുവാൻ ഇടയാകണം.

**11. സ്വയനിയന്തണത്തിന് നിരവധി ഉദാഹരണങ്ങൾ ബൈബിളിലുണ്ട്.**

യോസേഫ് (ഉല്പ.39:7-12) ദാവീദ് (1 ശമു. 26:7-12) ഇയ്യോബ് (ഇയ്യോബ് 31:1,30)

**12. പാപത്തിൻമേൽ വിജയം.**

സ്വയനിയന്ത്രണമുള്ളവർക്ക് ജീവിതത്തിൽ ഉണ്ടാകുന്ന പ്രലോഭനങ്ങളിൽ വിജയംവരിച്ച് വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധിക്കും. പാപത്തിന്റെ സാന്നിദ്ധ്യം ഉള്ള ഈ ലോകത്തിൽ സ്വയനിയന്ത്രണം ഇല്ലാത്തവർ വീണുപോകുന്ന കാഴ്ചയാണ് നാം അനുദിനം കണ്ടുകൊണ്ടിരിക്കുന്നത്.

ഇന്ദ്രിയജയം വിജയകരമായ ക്രിസ്തീയ ജീവിതത്തിന് അനിവാര്യമായ ഘടകമാണ്. അതുകൊണ്ട് ഇത് ഒരു കാരണവശാലും ഇത് തള്ളിക്കളയുവാൻ പാടില്ല.

→3

## നേതൃത്വവും...

ദൈവഹിതം എന്തെന്ന് അറിയാൻ പരിശുദ്ധാത്മാവ് തന്നെ സഹായിക്കുന്നു.

പ്രാർത്ഥനയ്ക്കുള്ള ഭാരം തരികയും നമ്മെ പ്രാർത്ഥിക്കാൻ സഹായിക്കുകയും ചെയ്യുന്നതു തന്നെ ദൈവം ഉത്തരം തരാൻ പോകുന്നു എന്നുള്ളതിന്റെ തെളിവാണ്. ജോർജ്ജ് മുള്ളർ രണ്ടുപേരുടെ മാനസാന്തരത്തിനുവേണ്ടി അമ്പതു വർഷത്തിലധികം പ്രാർത്ഥിച്ചു. അവർ മാനസ്സാന്തരപ്പെടുമോ എന്ന് ചിലർ മുള്ളറിനോട് ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "അവരെ രക്ഷിക്കുവാൻ ദൈവത്തിന് ഉദ്ദേശ്യമില്ലെങ്കിൽ ഇത്രയും കാലം പ്രാർത്ഥിക്കുവാൻ ദൈവം എന്നെ പ്രേരിപ്പിക്കുമായിരുന്നോ?"അവർ രണ്ടുപേരും മാനസ്സാന്തരപ്പെട്ടു; ഒരാൾ മുള്ളറുടെ മരണത്തിനു മുമ്പും, മറ്റേയാൾ മുള്ളറിന്റെ മരണത്തിനുശേഷവും.

പ്രാർത്ഥനയിൽ നാം ദൈവത്തോട് നേരിട്ടാണ് ഇടപെടുന്നത്; പരോക്ഷമായി മാത്രമേ നാം മനുഷ്യരോട് ഇടപെടുന്നുള്ളു. പ്രാർത്ഥനയുടെ ലക്ഷ്യം ദൈവത്തിന്റെ കാതുകളാണ്. ദൈവത്തെ സ്വാധീനിക്കുന്നതിലൂടെ പ്രാർത്ഥന മനുഷ്യരെ സ്വാധീനിക്കുന്നു. പ്രാർത്ഥനയല്ല, നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ദൈവമാണ് മനുഷ്യരെ ചലിപ്പിക്കുന്നത്. ലോകത്തെ ചലിപ്പിക്കുന്ന ദൈവകരങ്ങളെ പ്രാർത്ഥന ചലിപ്പിക്കുകയും മനുഷ്യർക്ക് വിടുതൽ നൽകുകുയും ചെയ്യുന്നു. ദൈവത്തെ ചലിപ്പിക്കുന്ന പ്രാർത്ഥനകൾ ദൈവവുമായുള്ള ശരിയായ ബന്ധത്തിൽ നിന്നാണ് ഉളവാകുന്നത്.

വെറും സ്വാർത്ഥപരമായ പ്രാർത്ഥനകൾക്ക് ദൈവം ഉത്തരം നൽകുകയില്ല. നമ്മുടെ ആഗ്രഹങ്ങളോട് തൂങ്ങിച്ചേർന്ന് പാപം കിടക്കുന്നുവെങ്കിൽ അതിനും ഉത്തരം ലഭിക്കയില്ല. എല്ലാ പാപങ്ങളുടെയും മാതാവായ അവിശ്വാസം ദൈവം പൊറുക്കയില്ല. പ്രാർത്ഥനയുടെ ഏറ്റവും വലിയ ഉദ്ദേശ്യം ദൈവത്തിന്റെ മഹത്വമാണ്. ബൈബിളിലെ വലിയ നേതാക്കന്മാരുടെ മഹത്വത്തിന്റെ കാരണം അവരുടെ പ്രാർത്ഥനാ ജീവിതം വലുതും ഫലപ്രദവുമായിരുന്നു എന്നതാണ്. "അവരുടെ ബുദ്ധിശക്തികൊണ്ടോ അളവില്ലാത്ത വിഭവശേഷി കൊണ്ടോ അല്ല അവർ നേതാക്കളായത്; സ്വാഭാവികമായ കഴിവുകൾ കൊണ്ടോ മഹത്തായ സംസ്കാരം കൊണ്ടോ അല്ല; പിന്നെയോ പ്രാർത്ഥനയുടെ ശക്തിയാൽ അവർ ദൈവത്തിന്റെ ശക്തിയെ പ്രവർത്തനനിരതമാക്കിത്തീർത്തതുകൊണ്ടാണ്."ഇ.എം ബൗണ്ട്സ്.

**പ്രാർത്ഥനയ്ക്കുള്ള ഭാരം തരികയും നമ്മെ പ്രാർത്ഥിക്കാൻ സഹായിക്കുകയും ചെയ്യുന്നതുതന്നെ ദൈവം ഉത്തരം തരാൻ പോകുന്നു എന്നുള്ളതിന്റെ തെളിവാണ്.**



# സൗത്ത് വെസ്റ്റ് കോൺഫറൻസ് ജൂൺ 11 മുതൽ 14 വരെ

ഡാലസ്, ഹ്യൂസ്റ്റൺ, ഒക്‌ലാഹോമാ സംസ്ഥാനങ്ങളിലെ ബ്രദറൺ വിശ്വാസികളുടെ 29–ാമത് വാർഷിക സമ്മേളനം ജൂൺ 11 മുതൽ 14 വരെ ഡാലസിലെ റാഡിസൻ പാർക്കിൻ ഹോട്ടലിൽ നടക്കും. മൂന്നു ദിവസം നീണ്ടുനില്ക്കുന്ന ആത്മിക സംഗമത്തിൽ അലക്സാണ്ടർ കുര്യൻ, റാൻഡി എമോസ്, ജോർജ്ജ് മാത്യു, ഡാനിയേൽ ലിം, ജോബി മത്തായി എന്നിവർ മുഖ്യസന്ദേശങ്ങൾ നല്കും. ഗലാത്യർ 2: 20 ആസ്പദമാക്കി സജീവമായ ക്രിസ്തീയ ജീവിതം എന്നതാണ് മുഖ്യ ചിന്താവിഷയം.

ഐക്യനാടുകളുടെ തെക്കൻ സംസ്ഥാനമായ ടെക്സസിൽ കുടിയേറിപ്പാർത്ത ബ്രദറൺ വിശ്വാസികളുടെ ആദ്യ കുടിവരവ് ആരംഭിച്ചത് 1987 ലാണ്. 1970 കളിൽ ഈ പ്രദേശത്ത് വന്ന ആത്മീയ താല്പര്യം ഉള്ള സഹോദരന്മാരുടെ ദീർഘകാല ആഗ്രഹവും പ്രാർത്ഥനയും ആയിരുന്നു ഈ കൂടിവരവ്. ഒരു വ്യക്തിയോ, സഭയോ, ഇതിന്റെ ആരംഭമല്ല. നാട്ടിൽനിന്നും വന്നെത്തിയ ഒന്നാം തലമുറക്കാരുടെ കൂടിവരവുകളുടെ മാധുര്യം, സംയുക്ത സഭായോഗങ്ങൾ, പ്രാദേശിക സുവിശേഷ ക്യാമ്പുകൾ, വിവിധ പ്രായത്തിൽപ്പെട്ടവരുടെ കൂടിവരവുകൾ ഇവ ആത്മീയ പ്രചോദനം നല്കിയത് ഈ കൂടിവരവിന്റെ ആരംഭത്തിനും സഹായമായിരുന്നു.

ഡാലസ്, ഹ്യൂസ്റ്റൻ എന്നീ പട്ടണങ്ങളിലൂള്ള വിശ്വാസികൾ ഒന്നിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി 1987ൽ ദൈവഹിതം നിറവേറി. ആദ്യവർഷങ്ങളിൽ ഇൻഡ്യൻ ബ്രദറൺ കോൺഫറൻസ് എന്നും പിന്നീട് ടെക്സസ് ബ്രദറൺ കോൺഫറൻസ് എന്നും അറിയപ്പെട്ടിരുന്നു. ഒക്‌ലഹോമയിൽ കൂടിവരവ് ആരംഭിച്ചതോടെ സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ് എന്നായി പേർ. 1987 ൽ നൂറിൽ താഴെ മാത്രം വിശ്വാസികൾ പങ്കെടുത്തു. ഡാലസ്, ഹ്യൂസ്റ്റൻ, ഒക്ക്ലോഹോമ തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള സഹോദരീസഹോദന്മാർ പങ്കെടുക്കും.

ചരിത്രരേഖകളും ലേഖനങ്ങളും ചിത്രങ്ങളും അടുത്ത തലമുറയ്ക്ക് കൈമാറുവാൻ ഒരു സിൽവർ ജൂബിലി സുവനീർ 2011 ൽ പ്രസിദ്ധീകരിച്ചിരുന്നു.

സെക്രട്ടറിയായി ബ്രദർ. ജേക്കബ് തോമസ് ഡാലസ്, ട്രഷററായി ബ്രദർ നവീൻ സക്കറിയ ഡാലസ്, അസിസ്റ്റന്റ് ട്രഷററായി ബ്രദർ മോഹൻ എം. ഒ. എന്നിവർ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പ്രവർത്തിക്കുന്നു. ഈ സമ്മേളനത്തിന്റെ അനുഗ്രഹത്തിനുവേണ്ടി പ്രാർഥിച്ചാലും. **ജേക്കബ് തോമസ്, ഡാളസ് (സെക്രട്ടറി)**


# BRETHREN BIBLE INSTITUTE

## Pathanamthitta, Kerala

### Admission Notice

**A. RESIDENTIAL PROGRAMMES**

Applications are invited from born again, baptised and dedicated bachelors who are 17 and above for admission to the following courses commencing from 24th April, 2015.

**1. B.Th. Programme**: BBI offers a three year Bachelor of Theology programme in English medium. Those who have passed Pre-degree/Plus Two/Intermediate or its equivalent may apply for the B.Th. programme. Those who have successfully completed a two year Bible School training in English medium after passing their S.S.L.C. also will be admitted to the B.Th. programme. In exceptional cases Plus Two failed candidates also will be considered for auditing this course. There is no fee for this programme.

**2. P.G. Programmes (M.B.S., M.Div. & M.Th.)**: BBI offers a two year residential Master in Biblical Studies (M.B.S) programme, a two year residential Master of Divinity (M.Div.) programme and a three year residential Master of Theology (M.Th.) programme. Those who have passed B.Th. or its equivalent with C+ (75% Marks) may apply for these programmes. Those who have passed a secular degree with a second class may also apply for the P.G. programmes. There is a nominal fee for these programmes.

**B. COURSES OFFERED THROUGH DISTANCE EDUCATION**

**1. M.B.S.** Qualification: A secular degree in any field OR Mature candidates (25 years and above) without a secular degree can be admitted after passing an entrance examination in the following areas. i. Bible Knowledge, ii. Christian Experience, iii. Proficiency in English Language; Duration: 2 years

**2. M.Div.** Qualification: A Bachelors Degree in Theology, or a secular Bachelors Degree with theological education. Duration: 2/3 years

**3. M.Th.** Qualification: B.D. / M.B.S./ M.Div./ a Secular Master's degree/a Professional Degree with good academic records. Duration: 2/2/2/4/4 years

All courses are offered only in English medium. Prospectus and application forms can be had from the REGISTRAR, BRETHREN BIBLE INSTITUTE, P.O. BOX. 46, PATHANAMTHITTA, KERALA, INDIA - 689 645 by paying rupees 100 by means of M.O. Prospectus and Application forms can be downloaded from our web site <www.bbipta.com>. The last date for submitting the application for the residential programme is April 5, 2015. Application forms can be submitted round the year for the Distance Education courses. For more information contact Academic Dean. Mob. +91-9447265500, bbipathanamthitta@gmail.com or 0468-2224045 (O.T. Cheriyan, Secretary).


## എസ്.എസ്.എൽ. ക്യാമ്പ് മാർച്ച് 1 ന് ആരംഭിക്കും

**കീഴില്ലം:** 1989 മുതൽ കേരളത്തിലെ ബ്രദറൺ സഭകളുടെ സഹകരണത്തിൽ പത്താംക്ലാസ് പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്കായ് ആത്മിക മാർഗ്ഗനിർദ്ദേശം നൽകിവരുന്ന എസ്.എസ്.എൽ. ക്യാമ്പ് മാർച്ച് 31 മുതൽ ഏപ്രിൽ 4 വരെ കീഴില്ലം പെനിയേൽ സെമിനാരിയിൽ നടക്കും.

ആത്മികവും ഭൗമികവുമായ ജീവിതതലങ്ങളിൽ വിജയം നേടുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ദൈവഹിതം കണ്ടെത്തുക, ഭാവിയിലെ പഠന മേഖല എന്തായിരിക്കണം. ബൈബിൾ പഠനം എങ്ങനെ രസകരമാക്കാം, കൗമാരപ്രശ്നങ്ങളെ എങ്ങനെ നേരിടാം, റാഗിംഗ്, ക്യാമ്പസ് രാഷ്ട്രീയം, മദ്യം, മയക്കുമരുന്ന് ഇവയിൽ നിന്നുള്ള മോചനം, ഇന്റർനെറ്റ്, മൊബൈൽ ഇവയുടെ ചതിക്കുഴിയിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം തുടങ്ങിയ ഒട്ടേറെ പഠനവിഷയങ്ങൾ.

ജോൺ കുര്യൻ, ജയിംസ് വർഗ്ഗീസ്, വർഗ്ഗീസ് ജോൺ, ജോർജ് കോശി, വർഗീസ് ചാക്കോ, ഡാനിയേൽ വർഗീസ്, എ. ആർ. പീറ്റർ, ബെൻസിക് മിറാൻഡാ, ടെൻസൺ ജോസഫ്, ഡോ. ജെയ്സൺ ജെ., ജോമോൻ തോമസ് തുടങ്ങി നിരവധി സഹോദരന്മാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. **ബന്ധപ്പെടുക. 9846025939, 944741422**

## സഹോദരിമാർക്ക് ഹ്രസ്വകാല വചനപഠനകോഴ്സ്

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിട്ട്യൂട്ടിന്റെ ചുമതലയിൽ സഹോദരിമാർക്കായി മൂന്ന് ആഴ്ച ദൈർഘ്യമുള്ള ഒരു വചനപഠനകോഴ്സ് മാർച്ച് 30 മുതൽ ഏപ്രിൽ 17 വരെ നടക്കും. വചനപഠനത്തോടൊപ്പം ഗൃഹഭരണം, ആരോഗ്യ പരിപാലനം, ദാമ്പത്യജീവിത ഭദ്രതാപാഠങ്ങൾ, ആദിയായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഹ്രസ്വകാലകോഴ്സ് നടത്തപ്പെടുന്നത്. കഴിഞ്ഞ വർഷങ്ങളിൽ പഠിച്ചവർക്കും പങ്കെടുക്കത്തക്ക നിലയിലുള്ള പാഠ്യക്രമമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. താല്പര്യമുള്ളവർ മാർച്ച് 30–ാം തീയതി രാവിലെ 9:30–നു മുമ്പ് സുവിശേഷാലയത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0468–2224045, 09961318605, 09447265500** എന്നീ നമ്പരിൽ വിളിച്ചാലും **ഒ. റ്റി. ചെറിയാൻ (സെക്രട്ടറി).**

## എ.ഐ.ബി.എഫ് കോൺഫറൻസ്

**മെൽബൺ:** ആസ്ട്രേലിയൻ ഇന്ത്യൻ ബ്രദറൺ ഫെലോഷിപ്പിന്റെ 5–ാമത് ഫാമിലി കോൺഫറൻസ് ഏപ്രിൽ 9 മുതൽ 12 മെൽബണിലെ ഒയാസിസ് ക്രിസ്ത്യൻ ക്യാമ്പ് സെന്ററിൽ നടക്കും. കർത്താവ് വേഗം വരുന്നു എന്ന വിഷയത്തെ ആസ്പദമാക്കി ബ്രദർ ജോൺ പി. തോമസ്, ബ്രദർ രാജൻ വർഗീസ് എന്നിവർ സംസാരിക്കും. സമ്മേളനത്തിന്റെ അനുഗ്രഹത്തിനായ് ദൈവജനം പ്രാർത്ഥിച്ചാലും.

## സമ്മർ ബൈബിൾ ക്ലാസ്

**തിരുവല്ല:** ഗോസ്പൽ മ്യൂസിക്ക് ഫെസ്റ്റിന്റെ ആഭിമുഖ്യത്തിൽ യുവാക്കളെ അടിസ്ഥാന വേദോപദേശങ്ങളിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോട് കൂടി മൂന്നാമത് സമ്മർ ബൈബിൾ ക്ലാസ് മെയ് 4 മുതൽ 14 വരെ പുത്തൻകാവ് എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ നടക്കും. 15 വയസ്സ് കഴിഞ്ഞ 30 യുവാക്കന്മാർക്ക് പ്രവേശനം ഉണ്ടായിരിക്കും. പങ്കെടുക്കുവാന് ആഗ്രഹിക്കുന്നവർ ഏപ്രിൽ 20–ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വൈകുന്നേരങ്ങളിൽ പ്രത്യേകം തയ്യാറാക്കിയ പൊതുപരിപാടികൾ ഉണ്ടാകും. **റ്റി.ഒ. ശാമുവൽ, ഡാനിയൽ തോമസ്.**

## ഹ്രസ്വകാല ബൈബിൾ സ്കൂൾ

കൊല്ലം സോദരീഭവന്റെ ചുമതലയിൽ ഏപ്രിൽ 5 മുതൽ 25 വരെ മൂന്ന് ആഴ്ച ദൈർഘ്യമുള്ള ഹ്രസ്വകാല ബൈബിൾ സ്കൂൾ നടക്കും. 14 വയസ്സുവരെ മുതൽ 25 വയസ്സുവരെ പ്രായമുള്ള സഹോദരിമാർക്ക് പഠനാവസരം ഉണ്ട്. സഹോദരന്മാരായ ജയൻ ചെറുശ്ശേരി, വർഗീസ് ജോൺ, ജോർജ്ജ് ചാക്കോ എന്നിവർ ക്ലാസ്സുകൾ എടുക്കും. **സാംസൺ ഹെന്റി, പ്രൊഫ. പി.എ. ഏബ്രഹാം, ജോയ്സ് മാത്യു.**

## വിമൻസ് ക്യാമ്പ്

കുമ്പനാട്: പന്ത്രണ്ടുവയസ്സിനുമേൽ പ്രായമുള്ള യുവസഹോദരിമാർക്കായി കുമ്പനാട് സെന്റർ സോദരീസമാജത്തിന്റെ വിമൻസ് ക്യാമ്പ് ഏപ്രിൽ 6 മുതൽ 11 വരെ കുമ്പനാട് ബ്രദറൺ സഭാഹാളിൽ നടക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 6 രാവിലെ 10 ന് കുമ്പനാട് ബ്രദറൺ സഭാഹാളിൽ എത്തിച്ചേർന്നാലും.

**എലിസബേത്ത് ബന്നി (സെക്രട്ടറി)**

## ബി. ജി. എഫ് ധ്യാനയോഗം

**റാന്നി.** ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് പ്രതിമാസധ്യാനയോഗം ബ്രദറൺ ഓഡിറ്റോറിയത്തിൽ മാർച്ച് 2ന് നടന്നു. 1 പത്രോസ് 2–ാം അദ്ധ്യായം ധ്യാനവിഷയമായിരുന്നു. പി. റ്റി. തോമസ്, കെ. വി. മാത്യു, ജോർജ്ജ് സി. ജേക്കബ് തുടങ്ങിയ സഹോദരന്മാർ നേതൃത്വം നല്കി. ബ്രദർ പി. കെ. തോമസ് സമാപനചിന്ത പങ്കുവച്ചു. കീക്കൊഴൂരും പരിസരങ്ങളിലും എല്ലാ ബുധനാഴ്ചകളിലും ഭവനസന്ദർശനങ്ങൾ നടക്കുന്നു. പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിച്ചാലും. **ജെയിംസ് തെങ്ങിൽ, സെക്രട്ടറി.**

## സൗജന്യ ട്രൈബൽ മെഡിക്കൽ ക്യാമ്പ്

**കോഴിമല:** പീരുമേട് ബ്രദറൺ സഭയുടെ ചുമതലയിലും കായംകുളം വൈ.ഡബ്ല്യു.സി.എ എന്ന സംഘടനയുടെ സഹകരണത്തിലും മാർച്ച് 7 ന് കോഴിമല ട്രൈബൽ കമ്മ്യൂണിറ്റി ഹാളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടന്നു. കോഴിമല ആദിവാസി രാജാവ് ശ്രീ മന്നാൻ അവർകൾ മുഖ്യാതിഥിയായിരുന്നു. നൂറ്റമ്പതിലധികം രോഗികൾക്ക് മരുന്ന് വിതരണം ചെയ്തു. സുവിശേഷകന്മാരായ പി. പി. വർഗീസ്, അജു സി. ഫിലിപ്പ്, മാത്യു തോമസ് എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. ഇവിടെയുള്ള പ്രവർത്തനത്തെ പ്രാർത്ഥനയിൽ ഓർത്താലും.

## മ്യൂസിക് ഫെസ്റ്റ് നടന്നു

**പള്ളിക്കുന്ന്:** പീരുമേട് ബ്രദറൺ സഭയുടെ ചുമതലയിൽ പള്ളിക്കുന്ന് സെന്റ് ജോർജ്ജ് സി.എസ്.ഐ. ചർച്ച് കോംപൗണ്ടിൽ മാർച്ച് 6ന് മ്യൂസിക് ഫെസ്റ്റ് നടന്നു. ഹാപ്പി മെലഡിയുടെ നേതൃത്വത്തിൽ സഹോദരന്മാരായ ടൈറ്റസ് ചെറിയാൻ, ഷിബു ജോസ് എന്നിവർ ശുശ്രൂഷകൾ നിർവ്വഹിച്ചു. ബ്രദർ പി. എം. ജോർജ്ജുകുട്ടി സന്ദേശം നല്കി. ഇതിനോടനുബന്ധിച്ച് ഗ്ലീൻമേരി, പഴയപാമ്പനാർ എന്നീ സ്ഥലങ്ങളിൽ ഭവനസന്ദർശനവും നടന്നു. ഫലം കാണുവാൻ ദൈവജനം പ്രാർത്ഥിച്ചാലും.

➜8

## സമർപ്പണ ശുശ്രൂഷ

ജോർജ്ജ്, വർഗീസ് തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു. സഹോദരിമാരായ നുറാനി, പ്രിയങ്ക എന്നിവർ സാക്ഷ്യങ്ങൾ പ്രസ്താവിച്ചു. സുവിശേഷകൻ സി. റ്റി. ജോണിക്കുട്ടി കർത്താവിന്റെ അന്ത്യനിയോഗം അടിസ്ഥാനമാക്കി സന്ദേശം നല്കി. ഡാളി മാത്യുവിന്റെ കൃതജ്ഞതയോടും സാംസൺ ഹെൻറി പ്രാർത്ഥനയോടും സമ്മേളനം പര്യവസാനിച്ചു. സമീപസ്ഥലസഭകളിൽനിന്നും വിശ്വസികളും സുവിശേഷകന്മാരും സമർപ്പണശുശ്രൂഷയിൽ പങ്കെടുത്തു. സോദരീഭവന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന എല്ലാവർക്കും സെക്രട്ടറി പ്രത്യേകം നന്ദി പ്രകാശിപ്പിച്ചു.

**CHRISTHEEYA DARSANAM,**
KALLOTH RIVER VIEW,
VADASHERIKKARA P.O., PATHANAMTHITTA DIST.
KERALA-689 662 email: **darsanam@outlook.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ഒറ്റ പ്രതി: ₹10
Reg. No. **KERBIL/2008/26466**
Licence No. **KLPTA/89/2014-2016**
**Published on 20th March 2015**
Posted on **22nd March 2015 at RMS Thiruvalla**

# സോദരീഭവൻ: സമർപ്പണ ശുശ്രൂഷ നിർവ്വഹിച്ചു


കൊല്ലം സോദരീഭവനിൽ പഠനം പൂർത്തീകരിച്ചവർ ചുമതലപ്പെട്ടവർക്കൊപ്പം.

**കൊല്ലം:** ഒരു വർഷം ദൈർഘ്യമുള്ള ഇംഗ്ലീഷ് മാധ്യമത്തിലെ ഏഴാമത് ബാച്ചിന്റെ സേർട്ടിഫിക്കേറ്റ് വിതരണവും സമർപ്പണശുശ്രൂഷയും സോദരീഭവനിൽ നടന്നു. മാർച്ച് 7 ശനി രാവിലെ 10ന് കൊല്ലം ബ്രദറൺ സഭാഹാളിൽ കൂടിയ പൊതുസമ്മേളനത്തിൽ ബ്രദർ സാംസൺ ഹെൻറി അദ്ധ്യക്ഷനായിരുന്നു.

പ്രൊഫ. പി. എ. ഏബ്രഹാമിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ഡോ. സാലിക്കുട്ടി ഏബ്രഹാം സ്വാഗതം ആശംസിച്ചു. സോദരീഭവൻ സെക്രട്ടറി ജോയിസ് മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു.

പഠനം പൂർത്തിയാക്കി വിദ്യാർത്ഥികൾ വിവിധ പരിപാടികൾ ഭംഗിയായി അവതരിപ്പിച്ചു. സർട്ടിഫിക്കേറ്റുകൾ ബ്രദർ ജോയ് മാത്യുവും ഉപഹാരങ്ങൾ ബ്രദർ റെജി നൈനാനും സമ്മാനിച്ചു. സഹോദരന്മാരായ വില്യം പി.

➡7

# ടീൻസ് സ്പെഷ്യൽ ക്യാമ്പ്
## ബിനോദ് മത്തായി ഉദ്ഘാടനം ചെയ്യും

● മുഖ്യസന്ദേശം: കാർസ്റ്റെൻ കെ. (ജർമ്മനി)

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ 9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി നടന്നു വരുന്ന ടീൻസ് സ്പെഷ്യൽ ക്യാമ്പിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. 500 കുട്ടികൾക്കു പ്രവേശനം നല്കും. മാർച്ച് 31 ചൊവ്വ വൈകിട്ട് 4 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും.

വൈകുന്നേരം 6 മണിക്ക് ബ്രദർ ബിനോദ് ഇ. മത്തായി (ബാംഗ്ലൂർ) ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ബ്രദർ കാർസ്റ്റെൻ കെ. (ജർമ്മനി) മുഖ്യസന്ദേശം നൽകും. ബ്രദർ ഏബ്രഹാം ജയ്സൺ ഫിലിപ്പ് (മുംബൈ) ആശംസാ സന്ദേശം നൽകും. ഒരാഴ്ചക്കാലം ദൈവവചനം ക്രമീകൃതമായി പഠിക്കുവാനുള്ള ക്രമീകരണമാണ് ക്യാമ്പി ലുള്ളത്. കരിയർ ഗൈഡൻസിനുള്ള പ്രത്യേക സെഷനുകളും ഉണ്ടായിരിക്കും.

മൊബൈൽ, ഇന്റർനെറ്റ്, മാധ്യമങ്ങൾ, ടെലിവിഷൻ, വഴിതെറ്റിക്കുന്ന ബന്ധങ്ങൾ ഇവയിലൂടെ ഇരുളടയാൻ സാധ്യതയുള്ള ബാല്യങ്ങൾക്ക് യഥാർത്ഥ വഴികാട്ടിയാവുകയാണ് ടീൻസ് ക്യാമ്പ്. ദൈവവചനത്തിന്റെ വിവിധമേഖലകളിലേക്ക് ബാല്യത്തിലേ കുഞ്ഞുങ്ങളെ ഒരുക്കി അയയ്ക്കുവാൻ ആവശ്യമുണ്ട്.

ബ്രദറൺ സമൂഹത്തിലെ മികച്ച വചനാദ്ധ്യാപകരും ബാലസംഘം പ്രവർത്തകരും ക്യാമ്പിൽ ക്ലാസ്സുകൾ എടുക്കും. വർദ്ധിച്ച സാമ്പത്തിക ആവശ്യങ്ങൾ ഉള്ള ഈ ക്യാമ്പിന്റെ ഭൗതിക ആവശ്യങ്ങൾക്കായി സഹകരിക്കുകയും ആത്മീകാനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുവാൻ ദൈവജനത്തിന് കഴിയണം.

ഭാരിച്ച ചെലവുള്ള ഈ ക്യാമ്പിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടുവാൻ ദൈവജനത്തിന്റെ നിർലോഭമായ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും.

**വിവരങ്ങൾക്ക്**
**ബിനു സാമുവേൽ,**
**ഫോൺ. 09544374527**

# ലോകം നമ്മളെ വായിക്കുന്നു
## പ്രൊഫ. മാത്യൂസ് ഏബ്രഹാം

**വടശ്ശേരിക്കര:** വിവാദങ്ങളെക്കാൾ വിവേകമാണ് വിശ്വാസികൾക്ക് ആവശ്യം. കാരണം നമ്മളെ നിരീക്ഷിക്കുന്ന ഒരു ലോകം നമ്മുടെ മുന്നിലുണ്ട്. ക്രിസ്തുവിനെ പ്രദർശിപ്പിക്കേണ്ട പത്രങ്ങളാണ് നാം ഓരോരുത്തരും. ക്രിസ്തുവിനെ അവതരിപ്പിക്കുവാൻ ക്രിസ്തുവിന്റെ തലയോളം നാം വളരണം. പ്രൊഫ. മാത്യുസ് ഏബ്രഹാം ഓർമ്മിപ്പിച്ചു.

വടശ്ശേരിക്കര കല്ലോത്ത് റിവർവ്യൂവിൽ മാർച്ച് 3ന് നടന്ന ക്രിസ്തീയ ദർശനം പ്രതിനിധിസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ചീഫ് എഡിറ്റർ വർഗീസ് അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ പ്രസാദകൻ രാജു കെ. തോമസ് ആമുഖപ്രഭാഷണം നടത്തി. ബ്രദർ ഫെബിൻ ജോൺസ് സ്വാഗതം ആശംസിച്ചു. സുവിശേഷകന്മാരായ സി. റ്റി. ജോണിക്കുട്ടി, ബിനു സാമുവേൽ, ജോസഫ് മാത്യു, സാജൻ കുരവയ്ക്കൽ, ജിജോ മുളന്തുരത്തി, സി.പി. അനിയൻ, ജോൺസൻ പി. സാം, ജെയിസൻ ജോർജ്ജ്, ജോസഫ് പുന്നൂസ്, പി.പി. വർഗീസ്, സത്യദാസ് തിരുവനന്തപുരം, റ്റിജുമോൻ ചാക്കോ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. സഹോ. ജോൺസൻ പി. സാമിന്റെ പ്രാർത്ഥനയോടെ സമ്മേളനം പര്യവസാനിച്ചു.

# ചൈൽഡ് ഇവാഞ്ചലിസം ട്രെയിനിംഗ്



**തൃശ്ശൂർ:** രഹബോത്ത് തിയോളജിക്കൽ കോളേജിൽ ചൈൽഡ് ഇവാഞ്ചെ ലിസം ട്രെയിനിംഗ് മാർച്ച് 9 മുതൽ 12 വരെ നടത്തപ്പെട്ടു. സഹോദരന്മ ാരായ ബിനു സാമുവേൽ, ഗോഡ്സൺ വാലയിൽ, സിബി വിശ്വനാഥൻ തുടങ്ങിയവർ ക്ലാസ്സുകളെടുത്തു. സമാപനസമ്മേളനത്തിൽ ഏബ്രഹാം തോമസ് കൊച്ചി, മിസ്സ്ട്രഷറാർ, ജിജു നൈനാൻ തുടങ്ങിയവർ സംസാരിച്ചു. രഹബോത്ത് കോളജിന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും

# ഹ്രസ്വകാല വചന പഠന കോഴ്സ്

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിട്ട്യൂട്ടിന്റെ ചുമതലയിൽ യുവസഹോദരന്മാർക്കായി പത്തനംതിട്ട സുവിശേഷാലയത്തിൽ മാർച്ച് 30 മുതൽ ഏപ്രിൽ 17 വരെ ഹ്രസ്വകാലവചനപഠനകോഴ്സ് നടത്തും. ആദ്യം രജിസ്റ്റർ ചെയ്യുന്ന മുപ്പത് പേർക്കുള്ള താമസൗകര്യവുമുണ്ട്. ഇംഗ്ലീഷ് മാധ്യമത്തിലായിരിക്കും ക്ലാസ്സുകൾ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി ബന്ധപ്പെട്ടാലും. **0468-2224045, 09961318605, 09447265500** എന്നീ നമ്പരിൽ വിളിക്കുക **ഒ.റ്റി. ചെറിയാൻ (സെക്രട്ടറി).**

# സുവിശേഷയോഗവും സംഗീതവിരുന്നും

**പെണ്ണുക്കര:** ഇമ്മാനുവേൽ ബ്രദറൺസഭയുടെ ചുമതലയിലും കുമ്പനാട് ബഥനി ബൈബിൾസ്കൂൾ പൂർവ്വവിദ്യാർത്ഥികളുടെ (1987-88 ബാച്ച്) സഹകരണത്തിലും ഏപ്രിൽ 30 മുതൽ മെയ് 2 വരെ സഭാഹാൾ അങ്കണത്തിൽ സുവിശേഷയോഗങ്ങളും സംഗീതവിരുന്നും നടക്കും. സുവിശേഷകന്മാരായ പി.വി. ബഞ്ചമിൻ, പി. മാത്തുക്കുട്ടി, പി.ഐ. രാജൻകുട്ടി, പി.പി. അഗസ്റ്റിൻ, ജോണി തോമസ്, ഫ്രാൻസിസ് ഡേവിഡ്, ജോർജ്ജ് മാത്യു, ബെന്നി വർഗീസ് എന്നിവർ വചനം പ്രഘോഷിക്കും. ബ്രദർ ബാബു ഓടനാവട്ടത്തിന്റെ നേതൃത്തിൽ ഗാനവിരുന്നും നടക്കും. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. **എ.വി. സാം, എ.എം. തോമസ്.**

# ബൈബിൾ പ്രഭാഷണവും വി. ബി. എസും

**മലയിൽ പുതുവൻ (മാട്ടുക്കട്ട):** ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പിന്റെയും മാട്ടുക്കട്ട സഭയുടെയും സംയുക്തമായി ഉൾപ്രദേശമായ മലയിൽ പുതുവനിൽ ബൈബിൾ പ്രഭാഷണവും ത്രിദിന വി.ബി.എസും നടക്കും. ഏപ്രിൽ 14,15 ദിവസങ്ങളിൽ ഭവനസന്ദർശനവും പരസ്യയോഗങ്ങളും ബൈബിൾ ക്ലാസ്സും നടക്കും. രാത്രിയോഗങ്ങളിൽ സുവിശേഷകന്മാരായ സി.റ്റി. ജോണിക്കുട്ടിയും കെ.വി. മാത്യുവും വചനം ശുശ്രൂഷിക്കും. റ്റി.റ്റി. തോമസ്, പി.പി. ജേക്കബ്, ജോർജ്ജ് സി. ജേക്കബ്, പി.എം. തോമസ്, സാം ഫിലിപ്പ്, ഇ.എസ്. റജി തുടങ്ങിയ സഹോദരന്മാർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും. ഈ പുതിയ വേലസ്ഥലത്ത് ചില ആത്മാക്കൾ രക്ഷിക്കപ്പെടുന്നതിനും സഭാ കൂടിവരവ് രൂപപ്പെടുന്നതിനും ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. **ജയിംസ് തെങ്ങിൽ**


ബി.ബി.ഐ. ബിരുദദാരികൾ അദ്ധ്യാപകർക്കും വിശിഷ്ടാതിഥികൾക്കുമൊപ്പം

PRINTED,PUBLISHED & OWNED BY RAJU K. THOMAS AND PRINTED AT COCHIN PRINTEC, ERNAKULAM KERALA . AND PUBLISHED FROM RAJU K. THOMAS, KALLOTH RIVER VIEW, VADASHERIKKARA P.O., PATHANAMTHITTA DIST. KERALA-689 662. EDITOR: VARGHESE THOMAS